# ബൈബിൾ ദൂത്



# ALMOST EFRE !

## Excellent Christian Literature

You can receive 30 books (english), worth Two hundred rupees for rupees Twentyfive only. Good for preachers, teachers and students of the Bible.

Also available are 20 books in Hindi just for rupees fifteen only.

All books are mailed free of charge. Your M. O. should be addressed to:

**THE BIBLE TEACHER**

C–22 N. D. S. E. 2

**New Delhi-110049**

# ബൈബിൾ ട്രൂത്ത്

Editors

P. K. VARGHESE J. C. CHOATE

*** *** ***

Published by Church of Christ

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol. 2 November 1988 No. 8




മാതാപിതാക്കൾ തങ്ങളുടെ കുട്ടികളെ ശരിയായി ശ്രദ്ധിക്കാത്തതുകൊണ്ട് എന്തെല്ലാം അനിഷ്ടസംഭവങ്ങൾ ഉണ്ടാകുന്നു. ഒരു പ്രശ്നമുണ്ടാക്കിയിട്ട് പ്രതിവിധി തേടുന്നതിനേക്കാൾ അത് ഉണ്ടാകാതെ നോക്കുകയാണ് ഉത്തമമായ മാർഗ്ഗം. അടുത്തകാലത്ത് എന്റെ ഒരു സ്നേഹിതന്റെ കുട്ടിക്ക് നേരിട്ട സംഭവം എന്നെ ഞെട്ടിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ഒരു ഫ്രണ്ടിന്റെ കുട്ടികൾ സന്ദർശനത്തിനു വരുമ്പോൾ കണ്ട അമ്പും വില്ലും ആകർഷണീയമായി തോന്നുകയും അതു വാങ്ങുകയും ചെയ്തു. അങ്ങനെ കുട്ടികൾ തമ്മിൽ അമ്പെയ്തു കളിച്ചുകൊണ്ടിരുന്നു. എന്റെ സ്നേഹിതനാണ് കുട്ടികൾക്ക് കളിക്കുവാനായി അതു വാങ്ങികൊടുത്തത്. മറ്റൊരാളുടെ കുട്ടികളെ സന്തോഷിപ്പിക്കുക എന്ന ഉദ്ദേശത്തോടെ ചെയ്തതുമാണ്. എന്നാൽ തന്റെ ഒരു കുട്ടി തന്റെ സഹോദരനുമായി പരസ്പരം അമ്പെയ്തപ്പോൾ അറിയാതെ അതു ഒരു കണ്ണിൽ തറച്ചു, അതു കണ്ണിന്റെ കൃഷ്ണമണിയിൽ തന്നെ തറച്ചു. ഓപ്പറേഷൻ ചെയ്ത് മുറിവ് സുഖപ്പെടുത്തേണ്ടിവന്നു. നിസ്സാരമായ ഒരു പ്രവൃത്തിയാണെങ്കിലും അതിന്റെ അപകട സാദ്ധ്യത അറിഞ്ഞ് കുട്ടികളെ ബോദ്ധ്യപ്പെടുത്തി കൊടുക്കുകയും അമ്പിനും വില്ലിനും പകരം മറ്റെന്തെങ്കിലും കൊടുത്ത് അവരെ തൃപ്തിപ്പെടുത്തേണ്ടതായിരുന്നു. നാം ചെയ്യുന്ന ഏതൊരു പ്രവൃത്തിയും ശരിയായ ഒരു വിലയിരുത്തലിനു വിധേയമാകണം. നിങ്ങളുടെ ആത്മീയമായ ജീവിതത്തിൽ അത് എത്ര അഭിലഷണീയം?

പി. കെ. വർഗ്ഗീസ്

# ക്രിസ്തുവുമായുള്ള ബന്ധം

J. C. ചോട്ട്

പൗലോസ് അപ്പോസ്തലൻ എഫെസൊസിലെ വിശ്വാസികൾക്ക് എഴുതിയത്, ആകയാൽ നിങ്ങൾ മുമ്പെ പ്രകൃതിയാൽ ജാതികൾ ആയിരുന്നു. ജഡത്തിൽ കയ്യാലുള്ള പരിച്ഛേദനക്കാർ എന്നു പേരുള്ളവരാൽ അഗ്രചർമ്മക്കാർ എന്നു വിളിക്കപ്പെട്ടിരുന്നു; അക്കാലത്ത് നിങ്ങൾ ക്രിസ്തുവിനെ കൂടാതെയുള്ളവരും യിസ്രായേൽ പൗരതയോടു സംബന്ധമില്ലാത്തവരും വാഗ്ദാനത്തിന്റെ നിയമങ്ങൾക്ക് അന്യരും പ്രത്യാശയില്ലാത്തവരും ലോകത്തിൽ ദൈവമില്ലാത്തവരും ആയിരുന്നു എന്നും ഓർത്തുകൊൾവിൻ. മുമ്പെ ദൂരസ്ഥരായിരുന്ന നിങ്ങൾ ഇപ്പോൾ ക്രിസ്തു യേശുവിൽ ക്രിസ്തുവിന്റെ രക്തത്താൽ സമീപസ്ഥരായിത്തീർന്നു. അവൻ നമ്മുടെ സമാധാനം, അവൻ ഇരുപക്ഷത്തെയും ഒന്നാക്കി, ചട്ടങ്ങളും കല്പനകളുമായ ന്യായപ്രമാണം എന്ന ശത്രുത്വം തന്റെ ജഡത്താൽ നീക്കി വേർപാടിന്റെ നടുച്ചുവർ ഇടിച്ചുകളഞ്ഞതു സമാധാനം ഉണ്ടാക്കിക്കൊണ്ട് ഇരുപക്ഷത്തെയും തന്നിൽ ഒരേ പുതു മനുഷ്യനാക്കി സൃഷ്ടിപ്പാനും ക്രൂശിന്മേൽ വച്ചു ശത്രുത്വം ഇല്ലാതാക്കി അതിനാൽ ഇരുപക്ഷത്തെയും ഏകശരീരത്തിൽ ദൈവത്തോടു നിരപ്പിപ്പാനും തന്നെ. അവൻ വന്നു ദൂരത്തായിരുന്ന നിങ്ങൾക്ക് സമാധാനവും സമീപത്തുള്ളവർക്കു സമാധാനവും സുവിശേഷിച്ചു. അവൻ മുഖാന്തരം നമുക്കു ഇരുപക്ഷക്കാർക്കും ഏകാത്മാവിനാൽ പിതാവിങ്കലേക്കു പ്രവേശനം ഉണ്ട്. ആകയാൽ നിങ്ങൾ ഇനി അന്യന്മാരും പരദേശികളുമല്ല വിശുദ്ധന്മാരുടെ സഹപൗരന്മാരും ദൈവത്തിന്റെ ഭവനക്കാരുമത്രേ. ക്രിസ്തു യേശു തന്നെ മൂലക്കല്ലായിരിക്കെ നിങ്ങളെ അപ്പോസ്തലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിന്മേൽ പണിതിരിക്കുന്നു. അവനിൽ കെട്ടിടം മുഴുവനും യുക്തമായി ചേർന്നു കർത്താവിൽ വിശുദ്ധ മന്ദിരമായി വളരുന്നു. അവനിൽ നിങ്ങളെയും ദൈവത്തിന്റെ നിവാസമാകേണ്ടതിന് ആത്മാവിനാൽ ഒന്നിച്ചു പണിതു വരുന്നു. (എഫെസ്യർ 2:11-22).

മുകളിൽ പറഞ്ഞ പ്രസ്താവനയിൽക്കൂടി പൗലോസ് പല കാര്യങ്ങളും എഫെസോസിലെ വിശ്വാസികൾക്ക് ചൂണ്ടികാണിക്കുന്നു എങ്കിലും ഈ കാര്യങ്ങൾ അവരുടെ കഴിഞ്ഞ കാലത്തിൻപ്രകാരം ആയിരുന്നോ എന്ന് പൗലോസ് ചോദിക്കുന്നു. ജഡത്താൽ അവർ യഹൂദർ അല്ലായിരുന്നു. യഹൂദന്മാർ നോക്കുമ്പോൾ അവർ പരിച്ഛേദനക്കാർ, യിസ്രായേൽ പൌരതയോട് സംബന്ധമില്ലാത്തവരും, വാഗ്

ദാനത്തിന്റെ നിയമങ്ങൾക്കു അന്യരും പ്രത്യാശയില്ലാത്തവരും ലോകത്തിൽ ദൈവമില്ലാത്തവരും അഥവാ ക്രിസ്തുവിനെ കൂടാതെയുള്ളവരും ആണ്.

എന്നാൽ ക്രിസ്തുവിൽക്കൂടിയും അവന്റെ രക്തത്തിൽക്കൂടിയും അവർ രക്ഷ പ്രാപിച്ചു, ക്രിസ്തുവിൽ യഹൂദനും യവനനും ഒന്നായി തീർന്നു. ക്രിസ്തുവിൽ അവർ ഏക ശരീരമായിത്തീർന്നു. മാത്രമല്ല അവർ ദൈവ ഭവനത്തിലെ അംഗങ്ങൾ ആയിത്തീർന്നു. അത് ക്രിസ്തുവിന്റെ കുടുംബമാണ്. അതാണ് അവന്റെ സഭ.

പക്ഷെ ഇതെല്ലാം എങ്ങനെ സാധിച്ചു? അവൻ യേശുവിനെയും അവന്റെ രക്തത്തെയും ചൂണ്ടിക്കാണിക്കുന്നു; അവൻ എങ്ങനെയാണ് വേർപാടിന്റെ നടുച്ചുവർ ഇടിച്ചുകളഞ്ഞത്, യഹൂദൻ എന്നും യവനൻ എന്നുമുള്ള തരംതിരിവ് എങ്ങനെ ഇല്ലാതാക്കി? ഇതിൽ ദൈവത്തിന്റെ അധികൃത നിയമം ഉൾക്കൊള്ളുന്നു. അവന്റെ കാൽവറിമരണത്തിൽക്കൂടി മോശയുടെ നിയമത്തിന് (ന്യായപ്രമാണത്തിന്) പകരം ഒരു പുതുവഴി തുറന്നു തന്നു.

ഇതിന്ശേഷം എഫേസ്യർ അതിൽനിന്നെല്ലാം മാറപ്പെട്ടു. അവരുടെ പഴയ അവസ്ഥയിലേക്ക് മടങ്ങിപ്പോകുവാൻ അവർ എന്നും ആഗ്രഹിച്ചിരുന്നു എന്ന് നിങ്ങൾ ചിന്തിക്കുമായിരിക്കും. തീർച്ചയായും ഇല്ല. ഈ അവസ്ഥയിലും അവർ വീണ്ടും ലോകത്തിൽ ദൈവത്തെ കൂടാതെ ആയിത്തീർന്നു. അതുകൊണ്ട് അവർക്ക് വീണ്ടും രക്ഷ നഷ്ടമായി.

പ്രിയ സുഹൃത്തുക്കളെ ക്രിസ്തുലോകത്തിൽവന്നതു അവന്റെ നിയമത്തെ പൂർത്തിയാക്കുവാനും അവന്റെ വഴിയെ പൂർണ്ണമാക്കുവാനും ആയിരുന്നു (മത്തായി 5:17, 18 ലൂക്കൊസ് 24:44). അവൻ അതു നിവൃത്തിച്ചു അതിനുശേഷം അവർക്ക് ഒരു നിയമം കൊടുത്തു. അതാണ് ''പുതിയനിയമം'' (എബ്രായർ 10:8-10) (മത്തായി 26:28). ആ പഴയ അവസ്ഥയിലേക്ക് മടങ്ങിപ്പോകുവാൻ ആഗ്രഹിക്കുന്നത് ദൈവകൽപ്പനപ്രകാരം തെററാണ്, ലോകത്തിൽ ദൈവം ഇല്ലാത്തവരിൽ നിന്നും, ആ പഴയ അടിമത്വ നിയമത്തിൽ നിന്നും നാം മടങ്ങി വരണം. അതാണ് ക്രിസ്തുവിന്റെ ആഗ്രഹം. ആ പഴയ നിയമവും കൽപ്പനയും ഇന്നും പലരും പഠിപ്പിക്കുന്നു. ഒരു തരത്തിൽ അവർ ക്രിസ്തു ലോകത്തിൽ വന്നതിന്റെ പരമമായ ഉദ്ദേശ്യം തെററിദ്ധരിപ്പിക്കുകയാണ് ചെയ്യുന്നത്. നിയമം അവരെ രക്ഷിക്കുകയില്ല. അവർ ആ നിയമം തുടരുന്ന കാലത്തോളം ക്രിസ്തുവിനുപോലും അവരെ രക്ഷിക്കുവാൻ സാധിക്കുകയില്ല.

നമുക്ക് ഒരു ദൈവകൽപ്പനയുണ്ട്. അത് ക്രിസ്തുവിന്റെ നി

യമമാണ്. പക്ഷേ അതിൽ ദൈവത്തിന്റെ എല്ലാ കല്പനകളും ഉൾക്കൊണ്ടിരിക്കുന്നു. അതുകൊണ്ട് യാക്കോബ് അപ്പോസ്തലൻ പറയുന്നത് സ്വാതന്ത്ര്യത്തിന്റെ നിയമം, ഇന്നു പിൻതുടരുന്നവർക്ക് പാപത്തിന്റെ അടിമത്വത്തിൽനിന്നു മോചനവും ക്രിസ്തുവിൽ നല്ല പ്രത്യാശയും ഉണ്ട്.

നിങ്ങൾ ആരെ പിൻതുടരുന്നു? മോശയെയോ ക്രിസ്തുവിനെയോ? ഏത് നിയമമാണ് നിങ്ങൾ അനുസരിക്കുന്നത്? പഴയനിയമമോ പുതിയ നിയമമോ? ഇതിൽ എന്താണ് വ്യത്യാസം എന്ന് ചിന്തിക്കുമായിരിക്കും. ലോകത്തിലെ തന്നെ വ്യത്യാസമാണ് ഇത്. ഇത് രക്ഷയുടെയും നാശത്തിന്റെയും, ക്രിസ്തുവിനെ കൂടാതെയും ക്രിസ്തുവിൽ കൂടിയും, പ്രത്യാശയില്ലാത്തവരും പ്രത്യാശയുള്ളവരും തമ്മിലുള്ള വ്യത്യാസമാണ്.

വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കുവാൻ ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു. (എബ്രായർ 12:1-2) എബ്രായ ലേഖനകർത്താവ് വീണ്ടും പറയുന്നു. ''പുത്രൻ എങ്കിലും താൻ അനുഭവിച്ച കഷ്ടങ്ങളാൽ അനുസരണം പഠിച്ചു തികഞ്ഞവനായി, തന്നെ അനുസരിക്കുന്ന ഏവർക്കും നിത്യരക്ഷയുടെ കാരണഭൂതനായി തീർന്നു'' (എബ്രായർ 5:8-9). അവസാനമായി നമ്മൾ വായിക്കുന്നത് ''ന്യായപ്രമാണം മോശ മുഖാന്തരം ലഭിച്ചു; കൃപയും സത്യവും യേശുക്രിസ്തു മുഖാന്തരം വന്നു.'' [യോഹന്നാൻ 1:17]. നമ്മുടെ രക്ഷകൻ ആരാണ്? മോശയോ യേശുക്രിസ്തുവോ? മാത്രമല്ല ഏതു നിയമമാണ് നിലനിൽക്കുന്നതെന്ന് നമുക്ക് കാണുവാൻ പ്രയാസമില്ല. അതുകൊണ്ട് നമുക്ക് പറയുവാൻ കഴിയും, യേശുക്രിസ്തുവും അവന്റെ നിയമമായ പുതിയനിയമവും നമുക്കും ലോകത്തിനും വേണ്ടിയായിരുന്നു എന്ന്. യോഹന്നാൻ എഴുതി: ജീവന്റെ വൃക്ഷത്തിൽ തങ്ങൾക്കു അധികാരം ഉണ്ടാകേണ്ടതിനു ഗോപുരങ്ങളിൽ കൂടി നഗരത്തിൽ കടക്കേണ്ടതിനും തങ്ങളുടെ വസ്ത്രം അലക്കുന്നവർ ഭാഗ്യവാന്മാർ [വെളിപ്പാട് 22:14].

നിങ്ങളും ക്രിസ്തുവും തമ്മിലുള്ള ബന്ധം ഏതുവിധത്തിലാണുള്ളതെന്ന് പരിശോധിക്കുക. അവനെമാത്രം രക്ഷകനായും അവന്റെ നിയമം മാത്രം രക്ഷാമാർഗ്ഗമായും നിങ്ങൾ സ്വീകരിച്ചിട്ടുണ്ടോ? സ്വർഗ്ഗസ്ഥനായ പിതാവ് തന്റെ പുത്രൻ മുഖാന്തരം എല്ലാവരും അവങ്കലേക്ക് വരണമെന്ന് ആഗ്രഹിക്കുന്നു. ആ യാഥാർത്ഥ്യമായ, വചനപ്രകാരമുള്ള ഒരു ബന്ധം പുനസ്ഥാപിച്ച് സ്വർഗ്ഗീയ അവകാശത്തിന് നിങ്ങൾ യോഗ്യതയുള്ള വ്യക്തിയായി തീരട്ടെ എന്നു ഞാൻ പ്രത്യാശിക്കുന്നു. ○○

# സഭകളും സഭാദ്ധ്യക്ഷൻമാരും

ജെ. ഫ്രാൻസീസ്, പൂന്തുറ

ഇന്നു മതങ്ങൾ രാഷ്ട്രീയ പാർട്ടികൾക്കു തുല്യമായി മാറിയിരിക്കുന്നു. മനുഷ്യനു ഭൗതിക ക്ഷേമം ഉണ്ടാക്കിക്കൊടുക്കുക എന്നതാണു രാഷ്ട്രീയപാർട്ടികളുടെ കടമ. അവ രൂപീകരിക്കപ്പെട്ടതും ഇതിനുവേണ്ടിയാണ്. ഈ കടമ നിറവേററുന്നതിനായി ഭരണയന്ത്രം അവർ കൈയ്യടക്കുന്നു. എന്നാൽ മാത്രമേ ക്ഷേമത്തിനുതകുന്ന നിയമങ്ങളും പദ്ധതികളും തയ്യാറാക്കി നടപ്പിൽവരുത്തുന്നതിന് അവർക്കു സാധിക്കുകയുള്ളു. രാഷ്ട്രീയ പാർട്ടികളുടെ ഉദ്ദേശ്യം മേൽപ്പറഞ്ഞവയാണെങ്കിൽ വിവിധ രാഷ്ട്രീയ പാർട്ടികളുടെ ആവശ്യം ഉണ്ടോ? ഇൻഡ്യൻ നാഷണൽ കോൺഗ്രസ്, കമ്മ്യൂണിസ്ററ്, കേരളാ കോൺഗ്രസ്, മുസ്ലീംലീഗ്, ജനത, ഭാരതീയ ജനത, ആർ.എസ്.പി., ലോക്ദൾ തുടങ്ങി ഒട്ടനവധി രാഷ്ട്രീയ പാർട്ടികളാണല്ലോ ഇന്നു നമ്മുടെ മദ്ധ്യേയുള്ളത്. ഇവയ്ക്കെല്ലാം ഓരോ വ്യക്തികളുടെയും പേരിൽ ഓരോ വിഭാഗങ്ങൾ ഉണ്ടെന്ന സത്യം ചിലപ്പോൾ നമ്മെ ചിരിപ്പിച്ചേക്കാം. ജനങ്ങളുടെ ക്ഷേമമാണ് അവരുടെ ഉദ്ദേശമെങ്കിൽ ഈ വിവിധ പാർട്ടികൾ വേണമോ? നേതാക്കൻമാരുടെ സ്വാർത്ഥതയെ പ്രോൽസാഹിപ്പിക്കാനും, ധനസമ്പാദനം എളുപ്പമാക്കാനുമാണെങ്കിൽ ഇനിയും പുതിയ പുതിയ രാഷ്ട്രീയ പാർട്ടികൾ മുളച്ചുവരേണ്ട ആവശ്യം വളരെയധികമാണ്. അവ എത്രയുംവേഗം പൂർത്തീകരിച്ചാൽ അത്രയും എളുപ്പം അതു പൂർണ്ണമായികഴിഞ്ഞുവല്ലോയെന്ന് നമുക്കു സമാശ്വസിക്കാം. ഇന്നു നമ്മുടെ മദ്ധ്യേ നടക്കുന്ന രാഷ്ട്രീയ സംഘട്ടനങ്ങളും, കൊലപാതകങ്ങളും, മരിച്ചവരുടെ പേരും പറഞ്ഞ് നടത്തുന്ന പണപ്പിരിവും, അതു ധൂർത്തടിക്കുന്നതും ആരുടെയെല്ലാം സ്വാർത്ഥതകളാണു വെളിപ്പെടുത്തുന്നത്. പണംപിരിവു നടത്തി ഇന്നു നടത്തുന്ന ജാഥകൾ ആർക്കുവേണ്ടിയാണ്? പൊതുജനത്തിനുവേണ്ടിയാണോ? അവരുടെ ക്ഷേമത്തിനുവേണ്ടിയാണോ? ഇതേ കാര്യങ്ങൾതന്നെയാണ് ക്രിസ്തീയ സഭകളെന്ന് അവകാശപ്പെട്ടു നടക്കുന്ന സഭാവിഭാഗങ്ങളിൽ നമുക്കു കാണുവാൻ സാധിക്കുന്നത്. ആത്മീയ ക്ഷേമം ഉളവാക്കി നിത്യരക്ഷ പ്രാപിക്കുവാനുതകുന്ന ദൈവവചനങ്ങൾ ലോകത്തിലെ എല്ലാ മനുഷ്യരാശിയുടേയും ഹൃദയങ്ങളിൽ കൊണ്ടുചെന്ന് എത്തിക്കുക എന്നതാണ് ഓരോ ക്രിസ്ത്യാനിയുടെയും കടമ. ക്രിസ്തുവിന്റെ വചനങ്ങൾ (ബൈബിൾ) അനുസരിച്ചു ജീവിക്കുന്നവരാണ് ക്രിസ്ത്യാനികൾ. ആദ്യ ക്രിസ്ത്യാനികൾ ശിഷ്യൻമാരാ

യിരുന്നു (പ്രവൃത്തി 11:26). ഇവരിലൂടെയാണ് മററുള്ളവർ ക്രിസ്തുവിനെക്കുറിച്ച് അറിഞ്ഞതും, ക്രിസ്ത്യാനികളായിത്തീർന്നതും.

ക്രിസ്തു സ്ഥാപിച്ചത് ഒരേയൊരു സഭ മാത്രം. അതാണ് ക്രിസ്തുവിൻെറ നാമത്തിലുള്ള ക്രിസ്തുസഭ. A. D. 33-ൽ പെന്തകൊസ്തുനാളിലാണ് അത് സ്ഥാപിക്കപ്പെട്ടത്. അന്ന് പെന്തകൊസ്തുനാളിൽ എല്ലാവരും ഒരു വീട്ടിൽ ഒന്നിച്ചുകൂടിയിരുന്നപ്പോൾ ഇടിമുഴക്കത്തോടുകൂടി അഗ്നിജ്വാലപോലെ പിളർന്ന നാവുകൾ അവർക്ക് പ്രത്യക്ഷമായി അവരിൽ ഓരോരുത്തരുടെയുംമേൽ പതിഞ്ഞു (പ്രവൃത്തി 2:1—4). അതാണ് സഭയുടെ സ്ഥാപനം. അതോടുകൂടി ധൈര്യപൂർവ്വം അവർ പ്രസംഗിച്ചുതുടങ്ങി (പ്രവൃത്തി 2: 6, 7). സഭയുടെ സ്ഥാപനത്തോടുകൂടിത്തന്നെ സഭയുടെ പ്രവർത്തനവും തുടങ്ങിക്കഴിഞ്ഞിരുന്നു. അവരുടെ പ്രസംഗം സഭയുടെ സ്ഥാപകനും, തലവനുമായ ക്രിസ്തുവിനെക്കുറിച്ചല്ലാതെ മററാരെയുംകുറിച്ചല്ലായിരുന്നു (പ്രവൃത്തി 2: 12-37). അന്നുതന്നെ അപ്പൊസ്തലൻമാരിൽ ഒരുവനായ പത്രോസിൻെറ വാക്കുകൾ കേട്ട് മൂവായിരത്തോളംപേർ സ്നാനമേററ് അവരോടു ചേർന്നു (പ്രവൃത്തി 2:41). തുടർന്നുള്ള അവരുടെ പ്രവർത്തനഫലമായി കർത്താവ് രക്ഷിക്കപ്പെട്ടവരെ ദിനംപ്രതി സഭയോടുചേർത്തുകൊണ്ടിരുന്നു (പ്രവൃത്തി 2:47).

ക്രിസ്തു ഈ ലോകത്തിൽ നല്ലൊരു മനുഷ്യനായി ജീവിച്ചു. മനുഷ്യൻ എങ്ങനെ ജീവിക്കണമെന്നു കാണിച്ചുകൊടുത്തു. സഭയൊന്നും ക്രിസ്തു സ്ഥാപിച്ചിരുന്നില്ലായെന്ന് ചിലർ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. "ഈ പാറമേൽ ഞാൻ എൻെറ സഭയെ പണിയുമെന്ന് (മത്താ: 16: 18) ജീവിച്ചിരുന്നപ്പോൾത്തന്നെ യേശു പറഞ്ഞിരുന്നു. ക്രിസ്തു പറഞ്ഞിരുന്ന എല്ലാ കാര്യങ്ങളും അതേരീതിയിൽ സംഭവിച്ചില്ലേ? അപ്പോൾ സഭ പണിയുമെന്നു പറഞ്ഞ ക്രിസ്തു അതു സ്ഥാപിക്കാതിരിക്കുമോ? മേൽ പറഞ്ഞിരിക്കുന്ന വാക്യങ്ങളാൽ ക്രിസ്തു തൻെറ സഭ സ്ഥാപിച്ചിരിക്കുന്നുവെന്നകാര്യം വ്യക്തമല്ലെ.

ക്രിസ്തു സഭ സ്ഥാപിച്ചത് ക്രിസ്തുവാകുന്ന പാറമേൽ ആണ്. "നീ പത്രോസ് ആകുന്നു. ഈ പാറമേൽ ഞാൻ എൻെറ സഭയെ പണിയും. പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല" (മത്താ: 16:18). യേശു പത്രോസിനോടു പറഞ്ഞതാണ് ഈ ഭാഗം. ഇത് ഉദ്ധരിച്ചുകൊണ്ട് പത്രോസ് ആകുന്ന പാറമേൽ ക്രിസ്തു തൻെറ സഭയെ സ്ഥാപിച്ചുവെന്ന് ചില സഭാവിഭാഗങ്ങൾ പഠിപ്പിക്കുന്നു. ഇത് തികച്ചും തെററാണ്. ഈ പാറമേൽ എന്നുപറയുന്നത്, ക്രിസ്തുതന്നെയാണ്. പത്രോസ് പാറയായി ചിത്രീകരിക്കപ്പെട്ടിരിക്കുന്നതായി ബൈബിളിൽ ഒരിടത്തും കാണുന്നില്ല. സ്വാർത്ഥതാൽപര്യങ്ങൾ നിലനിർത്തി ക്രിസ്ത്യാനികളെ വഞ്ചിച്ച് കുഞ്ഞാടിൻെറ വേഷം ധ

രിച്ച് ചെന്നായ്ക്കളാകുന്ന സാത്താന്റെ കൂലിപ്പടയായി മാറിയിരിക്കുന്ന സഭാവിഭാഗങ്ങൾ മാത്രമാണ് പത്രോസിനെ സഭ പണിതിരിക്കുന്ന പാറയായി ചിത്രീകരിച്ചു പഠിപ്പിക്കുന്നത്.

''വീടു പണിയുന്നവർ തള്ളിക്കളഞ്ഞ കല്ല് മൂലക്കല്ലായി തീർന്നിരിക്കുന്നു'' (സങ്കീ: 118: 22, മത്താ: 21:42). ''ക്രിസ്തുയേശുതന്നെ മൂലക്കല്ലായിരിക്കെ നിങ്ങളെ അപ്പോസ്തലൻമാരും പ്രവാചകൻമാരും എന്ന അടിസ്ഥാനത്തിൻമേൽ പണിതിരിക്കുന്നു'' (എഫെ: 2: 20). ഈ വാക്യങ്ങളുടെ അടിസ്ഥാനത്തിൽ പത്രോസ് എങ്ങനെ പാറയാകും. സഭയുടെ മൂലക്കല്ല് ക്രിസ്തുവാണെങ്കിൽ പാറ എങ്ങിനെ പത്രോസ് ആകും? ക്രിസ്തു പാറയായാൽ സഭാദ്ധ്യക്ഷൻമാരുടെ പ്രാധാന്യം എന്താകും?

ക്രിസ്തു സ്ഥാപിച്ച സഭ വിഭജിക്കപ്പെടുവാൻ ക്രിസ്തുവോ, അദ്ദേഹത്തിന്റെ ശിഷ്യൻമാരോ ഒരിക്കലും ആഗ്രഹിച്ചിരുന്നില്ല. ക്രിസ്തുവിന്റെ അവസാന നാഴിക വന്നപ്പോൾ പ്രാർത്ഥിച്ച കാര്യങ്ങൾ വളരെ പ്രസക്തമാണ്. ''പരിശുദ്ധ പിതാവേ, അവർ നമ്മെപ്പോലെ ഒന്നാകേണ്ടതിനു നീ എനിക്കു തന്നിരിക്കുന്ന നിന്റെ നാമത്തിൽ അവരെ കാത്തുകൊള്ളേണമേ'' (യോഹ: 17: 23). നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നാകേണ്ടതിനു ഞാൻ അവരിലും നീ എന്നിലുമായി അവർ ഐക്യത്തിൽ തികഞ്ഞവരായിരിക്കേണ്ടതിന് (യോഹ: 17; 23). ''അവർ എല്ലാവരും ഒന്നാകേണ്ടതിനു, പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ അവരും നമ്മിൽ ആകേണ്ടതിനുതന്നെ'' (യോഹ: 17: 21). ഈ പ്രാർത്ഥനകൾ സഭ വിഭജിച്ചു കാണുവാൻ ക്രിസ്തു ഒരിക്കലും അഗ്രഹിച്ചിരുന്നില്ലായെന്നു വ്യക്തമാക്കുന്നില്ലേ? വിഭാഗിക ചിന്തകൾ ആദിമ ക്രിസ്ത്യാനികളിൽ കടന്നുകൂടിയപ്പോൾ അപ്പോസ്തലൻമാർ അവരെ ശാസിക്കുകയും ക്രിസ്തുവിൽ ഒന്നാകുന്നതിനുവേണ്ടി അവരെ ഉപദേശിച്ച് ക്രിസ്തുവിൽ ഒന്നാക്കുകയും ചെയ്തു.

ക്രിസ്തു സ്ഥാപിച്ച ഏക സഭ എങ്ങനെ വിഭാഗങ്ങളായി മാറി? ആദിമ സഭ അപ്പോസ്തലൻമാരുടെ പ്രസംഗങ്ങൾ ശ്രവിച്ചും യാതനകൾ പലതും സഹിച്ചും വളർന്നുകൊണ്ടിരുന്നു. രണ്ടാം നൂറ്റാണ്ടിന്റെ മദ്ധ്യത്തോടുകൂടി സഭ അപ്പൊസ്തലൻമാരുടെ പിൻഗാമികളെന്നു ക്രമേണ കരുതപ്പെട്ടുപോന്ന ബിഷപ്പുമാരുടെ അധികാരത്തിൻ കീഴിൽ യോജിപ്പിക്കപ്പെട്ടു. വിശ്വാസനിന്ദിതരായ അവർ സഭക്കു കത്തോലിക്ക സഭയെന്നു പേരു നൽകി. മൂന്നാം നൂറ്റാണ്ടിൽ കോൺസ്റ്റാൻടിൻ ചക്രവർത്തി സഭയ്ക്ക് രാഷ്ട്രീയ ഭരണാധികാരം നൽകി. A. D. 325-ൽ സഭയുടെ തലവനായി പോപ്പ് മനുഷ്യരാൽ അവരോധിക്കപ്പെട്ടു. അപ്രമാദിത്വവരം ഉണ്ടെന്ന് അദ്ദേഹം സ്വയം അവകാശപ്പെടുകയും ചെയ്തു.

1054-ൽ കത്തോലിക്കാസഭ ഗ്രീക്കു കത്തോലിക്കാസഭയെന്നും റോമൻ കത്തോലിക്കാ സഭയെന്നും രണ്ടായി പിളർന്നു. കോൺസ്റ്റാൻടിനോപ്പിൾ ബിഷപ്പിന്റെയും, റോമൻ ബിഷപ്പിന്റെയും അസൂയയുടെ ഫലമായി ഉണ്ടായതാണ് ഈ പിളർപ്പ്. ഗ്രീക്കു കത്തോലിക്കാസഭക്ക് **Holy Orthodox Catholic Apostolic Eastern Church** എന്നും റോമൻ കത്തോലിക്കാസഭക്ക് **Holy Catholic Apostolic and Roman Church** എന്നുമുള്ള പൂർണ്ണമായ പേരുകളാണ് ഉണ്ടായിരുന്നത്. ആദ്യം കത്തോലിക്കാസഭയിലെ പഠനങ്ങളെ ബൈബിൾവാക്യങ്ങളുമായി താരതമ്യം ചെയ്തു പഠിക്കാം.

## റോമൻ കത്തോലിക്കാസഭാ പഠനങ്ങൾ

ബൈബിളിനെ സംബന്ധിച്ച്.

I പാരമ്പര്യങ്ങൾ, അപ്രമാണ ഗ്രന്ഥങ്ങളിലെ എഴുത്തുകൾ തുടങ്ങിയവ ബൈബിളിനോടൊപ്പം സ്വീകരിക്കാമെന്നാണ് കത്തോലിക്കാസഭ പഠിപ്പിക്കുന്നത്.

എന്നാൽ ബൈബിൾ പഠിപ്പിക്കുന്നത് :—

1. ദൈവവചനങ്ങൾമാത്രം മതിയാകുന്നതാണ് (പ്രവൃത്തി 4:2; യെശ: 8; 20)
2. ദൈവവചനത്തെ മനുഷ്യസമ്പ്രദായങ്ങളാൽ ദുർബ്ബലമാക്കപ്പെടരുത് (മത്താ: 15: 3,6)
3. മാനുഷിക കൽപനകളായ ഉപദേശങ്ങളെ പഠിപ്പിക്കുന്നതുകൊണ്ട് ദൈവത്തെ വ്യർത്ഥമായി ഭജിക്കുന്നു. (മത്താ: 15: 9)
4. വ്യർത്ഥവും പിതൃപാരമ്പര്യവുമുള്ള നിങ്ങളുടെ നടപ്പിൽനിന്ന് നിങ്ങളെ വീണ്ടെടുത്തിരിക്കുന്നത് അഴിഞ്ഞുപോകുന്ന വസ്തുക്കളെക്കൊണ്ടല്ല (1 പത്രോ: 1: 18)
5. മനുഷ്യൻ സകല സൽപ്രവർത്തികൾക്കും തികഞ്ഞവൻ ആകേണ്ടതിനു ദൈവവചനങ്ങൾ മതിയാകും. (2 തിമോ: 3:15–17)
6. ദൈവവചനത്തിൽനിന്നും എന്തെങ്കിലും കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യാവുന്നതല്ല. അപ്രകാരം ചെയ്യുന്നവന് ജീവവൃക്ഷത്തിലും വിശുദ്ധനഗരത്തിലും അവനുള്ള അംശം ദൈവം നീക്കിക്കളയും. (വെളി: 22: 18, 19)

II ബൈബിളിനെക്കുറിച്ച് വ്യാഖ്യാനിക്കുവാൻ കത്തോലിക്കാസഭയ്ക്കു മാത്രമേ അധികാരമുള്ളു.

(ശേഷം അടുത്ത ലക്കത്തിൽ)

# വിശുദ്ധ ഭൂമിയിലുള്ള നടപ്പ്

R. ജാക്സൺ

പുറപ്പാട് പുസ്തകം 3-ാം അദ്ധ്യായം 1 മുതൽ 6 വരെയുള്ള വാക്യങ്ങളിൽ മോശെയെയും കത്തുന്ന മുൾപടർപ്പിനെയും വിവരിച്ച് പറഞ്ഞിട്ടുണ്ട്. ഈ അത്ഭുത പ്രതിഭാസം നടക്കുന്നതിൽ ആശ്ചര്യപരതന്ത്രനായി പ്രവാചകൻ ഉററുനോക്കുമ്പോൾ ദൈവം അവനോടു പറഞ്ഞതെന്തെന്നാൽ "ഇങ്ങോട്ട് അടുക്കരുത്; നീ നിൽക്കുന്ന സ്ഥലം വിശുദ്ധഭൂമിയാകയാൽ കാലിൽനിന്നു ചെരിപ്പ് അഴിച്ചുകളക" എന്നത്രെ. എവിടെയാണ് ആ വിശുദ്ധസ്ഥലം സ്ഥിതി ചെയ്തിരുന്നത് എന്നു കൃത്യമായി പറയുക സാദ്ധ്യമല്ല. എന്നാൽ അതു വാസ്തവത്തിൽ ഉണ്ടായിരുന്നതുകൊണ്ടാണല്ലോ ദൈവം അങ്ങനെ പറഞ്ഞത്. പക്ഷെ, ദൈവം വെളിപ്പെടുത്താത്ത ഭൂമി സാങ്കല്പികമായി കണ്ടെത്തി അവിടെ വലിയ മന്ദിരങ്ങൾ പടുത്തുയർത്തി അതിനെ ആരാധിക്കുവാനും മനുഷ്യൻ തയ്യാറായി. ആ ഭൂമി വിശുദ്ധമായിരുന്നത് ദൈവസാന്നിദ്ധ്യം അനുഭവപ്പെട്ടതുകൊണ്ടായിരുന്നു. അല്ലാതെ ഭൂമിക്ക് യാതൊരു പ്രത്യേകതയും ഇല്ലായിരുന്നു.

ചെറിയ ഒരുതുണ്ടു സ്ഥലം വിലയുള്ളതാക്കി മാററുന്നതെന്താണ്? ഒരു സ്ഥലത്തിന് നല്ല മൂല്യം കണക്കാക്കുന്നത് പല കാരണങ്ങളാലാണ്. അതിന്റെ ഭൂപ്രകൃതി, കിടക്കുന്ന സ്ഥാനം, അതിൽ ഉൾക്കൊള്ളുന്ന വസ്തുക്കൾ, അതിന്റെ ചരിത്രം, ഉടമസ്ഥാവകാശനില തുടങ്ങിയ പല കാര്യങ്ങളെ ആസ്പദമാക്കിയാണ് സ്ഥലത്തിന്റെ വില കണക്കാക്കുന്നത്. പുറമ്പോക്കുസ്ഥലം ആരും അറിഞ്ഞുകൊണ്ട് വിലകൊടുത്ത് വാങ്ങാറില്ല. പണ്ടൊക്കെ ശവക്കോട്ടയ്ക്കു സമീപമുള്ള വസ്തുവിന് ആരും വില കൊടുക്കുവാൻ ധൈര്യപ്പെട്ടിരുന്നില്ല. ഇന്നും ഭയപ്പെടുന്നവർ ധാരാളമുണ്ട്. നമ്മുടെ പ്രിയപ്പെട്ടവരെ അടക്കം ചെയ്യുന്നതുവരെ ശവക്കോട്ടയിലേക്കോ, പരിസരത്തേക്കോ വസ്തു നോക്കുമ്പോൾ നാം കണ്ണോടിക്കുകപോലുമില്ല. സ്വർണ്ണഖനിയുള്ള ചെറിയ ഒരുകഷണം സ്ഥലമായാൽപോലും അതിനു ഗണിക്കുന്ന വില വളരെ വലുതാണെന്ന് നമുക്കറിയാം. ധാതുദ്രവ്യങ്ങളുള്ള സ്ഥലം സ്വന്തമാക്കണമെന്ന ആഗ്രഹത്താൽ നമുക്കുള്ളതെല്ലാം വിററ് അതു വാങ്ങുവാൻ ശ്രമിക്കും. സ്വർഗ്ഗരാജ്യം, വയലിൽ ഒളിച്ചുവെച്ച നിധി കിട്ടുവാൻ തനിക്കുള്ളതെല്ലാം വിററ മനുഷ്യനോടു സാദൃശ്യപ്പെടുത്തി കർത്താവ് പഠിപ്പിച്ചിട്ടുണ്ട് (മത്തായി 13:44). പ്രസിദ്ധമായ ഒരു രാജകൊട്ടാരം വിൽക്കുവാൻ തീരുമാനിച്ചാൽ അതി

ന്റെ വില വളരെ വലുതായിരിക്കുമല്ലോ. പക്ഷെ അതിന്റെ പുറത്തു സ്ഥിതിചെയ്യുന്നവയ്ക്കോ വളരെ കുറവുമായിരിക്കും. ചരിത്രപരമായ അതിന്റെ പ്രസിദ്ധി ഖിലയിൽ മാത്രം ഒതുങ്ങി നിന്നതാണ്.

ലോകത്തിൽ വച്ച് ഏറ്റവും നിർഭാഗ്യകരമായ സ്ഥലം, കർത്താവിനെ ഒറ്റിക്കൊടുത്തതിനു പ്രതിഫലമായി യൂദായ്ക്കു കിട്ടിയ പണംകൊണ്ട് വാങ്ങിയ കുശവന്റെ നിലമാണ്. ആകയാൽ ആ നിലത്തിന് രക്തനിലമെന്നു പേർ വരുവാൻ കാരണമായി (മത്തായി 27: 1–8). അത്തരത്തിലുള്ള കുപ്രസിദ്ധമായ നിലത്തിന്റെ ഉടമയായി അറിയപ്പെടാൻ ആരും ആഗ്രഹിക്കുകയില്ല. അത് ലോകത്തിൽ എവിടെയും വാസ്തവമാണ്. രാജകൊട്ടാരത്തെക്കാൾ ഏറ്റവും വിലപിടിച്ച ഒരു സ്ഥാനമുണ്ട്. അതിന്റെ വിസ്തൃതി, വില എന്നിവ മനുഷ്യരാൽ നിജപ്പെടുത്തുക പ്രയാസമാണ്, അത് സമൃദ്ധമായ വിളവു നൽകുന്ന ഒന്നാണ്. യേശുക്രിസ്തു, തന്റെ ഉപമയിൽ വ്യക്തമാക്കുന്നത് നാം ശ്രദ്ധിച്ചു മനസ്സിലാക്കണം (ലൂക്കൊസ് 12: 16). ആ ഭൂമിക്ക് വിലപിടിപ്പ് എങ്ങനെയുണ്ടായി? ഉടമസ്ഥന്റെ, ആത്മാവിന്റെ വിലയാണ് അതിനുള്ളത്. സർവ്വ ലോകത്തേക്കാളും വിലയുള്ളതാണ് ആത്മാവ് (മത്തായി 16:26). ലോകത്തുള്ള സർവ്വവും നമുക്കു വാങ്ങാം. എന്നാൽ അവയേക്കാൾ മൂല്യമുള്ള ഒരു വ്യാപാരമാണ് ആത്മാവിനെ നേടുന്നത്. ഏറ്റവും ശ്രേഷ്ഠമായ നിലത്തെക്കുറിച്ച് എബ്രായ ലേഖകൻ പറയുന്നത് ഇപ്രകാരമാണ്. പലപ്പോഴും പെയ്ത മഴ കുടിച്ചിട്ട് ഭൂമി കൃഷി ചെയ്യുന്നവർക്ക് ഹിതമായ സസ്യാദികളെ വിളയിക്കുന്നുവെങ്കിൽ ദൈവത്തിന്റെ അനുഗ്രഹം പ്രാപിക്കുന്നു. മുള്ളും ഞെരിഞ്ഞിലും മുളപ്പിച്ചാലോ അത് കൊള്ളരുതാത്തതും ശാപത്തിന് അടുത്തതും ആകുന്നു; ചുട്ടുകളക അത്രേ അതിന്റെ അവസാനം (എബ്രായർ 6:7–8). മഴയും സൂര്യപ്രകാശവും ദൈവമാണ് ആ ഭൂമിക്കു നൽകിയത്. പക്ഷെ അതു വിളയിച്ചതോ ഉപയോഗശൂന്യമായവയും: അത്തരത്തിലുള്ള ഭൂമി എവിടെയാണുള്ളത്? മനുഷ്യഹൃദയങ്ങളിൽ (ലൂക്കൊസ് 8:5–8).

വ്യക്തികളുടെ പാപത്തിനു വിലകൊടുത്തു വാങ്ങത്തക്ക രീതിയിൽ വിൽപ്പനയ്ക്കായി ഒരുക്കിയിരിക്കുന്ന ആ ഭൂമിയിൽ ദൈവത്തിന്റെ സാന്നിദ്ധ്യവും സമൃദ്ധമായ വിളവും വിവരിക്കുവാൻ പറ്റാത്ത വിലയുമാണുള്ളത്. അത് അവകാശമാക്കുവാൻ എങ്ങനെ കഴിയുമെന്ന് ഉടമ തന്നെ വെളിപ്പെടുത്തിയിരിക്കുന്നു. പക്ഷെ അതിനു താൽപര്യമുണ്ടാകണം. അതിന്റെ പ്രാധാന്യം മനസ്സിലാക്കണം. തന്നെയുമല്ല, അതിനായി പ്രവർത്തിക്കുകയും വേണം. ഇവിടെയാണ് എല്ലാവരുടേയും സാമാന്യബുദ്ധി ഉണർന്നു കാണപ്പെടേണ്ടത് (വെളിപ്പാട് 21:1–4; മത്തായി 6: 19). ആത്മീയമായി പറയുകയാണെ

ങ്കിൽ എല്ലാവരും ഓരോ തരത്തിലുള്ള നിലത്തിലാണ് വസിക്കുന്നത്. ജീവിതത്തിന്റെ ഏതു ദിശയിലാണ് നാം സഞ്ചരിക്കുന്നതെന്ന് അതു വെളിപ്പെടുത്തും. രണ്ടാമതായി എല്ലാവർക്കും ഓരോ സ്ഥാനമുണ്ടായിരിക്കും. നിങ്ങൾ ഏതുതരം മണ്ണിലാണ് വസിക്കുന്നത്? എങ്ങനെയുള്ള നടപ്പാണ് നിങ്ങൾ നയിക്കുന്നത്? ഉപയോഗപ്രദമോ അല്ലയോ എന്ന് ഓരോരുത്തരും പരിശോധിക്കേണ്ടത് യുക്തം തന്നെ.

## നിർവ്വീര്യമായ ഭൂമി

ബഹുഭൂരിപക്ഷം ആളുകളും ഇന്ന് നിഷ്പക്ഷമായ സ്ഥലത്തു നിൽക്കുന്നവരാണ്. വിനോദപ്രദമായ സ്ഥലങ്ങളിൽ മുൻസീറ്റും ആരാധനയിലോ, ആത്മീക കാര്യങ്ങളിലോ പിൻസീറ്റും ആണ് അവരുടെ ലക്ഷ്യം. മറ്റെല്ലാ കാര്യങ്ങളിലും അവർ മദ്ധ്യവർത്തികളുമായിരിക്കും. നിഷ്ക്രിയരായ ജനങ്ങളെ നോക്കിയാണ് യഹോവയുടെ ദൂതൻ ശപിക്കപ്പെട്ടവർ എന്നു പറഞ്ഞത്. അവർ ചെയ്യേണ്ടത് ഒന്നും ചെയ്യാതെ ചെയ്യരുതാത്തത് ചെയ്യുകയും ചെയ്തു. ആക്രമിക്കേണ്ട വേളകളിൽ അവർ നിഷ്പക്ഷത പാലിക്കും. അത് ഭീരുത്വലക്ഷണമാണ്. ദൈവത്തിന്റെ അരുളപ്പാട് വ്യക്തമാക്കുന്നത്, വിശ്വാസത്തിന്റെ നല്ല പോർ പൊരുതുക; നിത്യജീവനെ പിടിച്ചുകൊൾക; അതിനായി നീ വിളിക്കപ്പെട്ടു. അനേകം സാക്ഷികളുടെ മുമ്പാകെ നല്ല സ്വീകാരം കഴിച്ചുവല്ലോ (1 തിമൊഥെയോസ് 6: 2). സഭയിലുള്ള അനേകരും പ്രസന്നമായ ഒരു സഭായോഗമാണ് ഇഷ്ടപ്പെടുന്നത്. എന്നാൽ ശല്യപ്പെടുത്തലിൽനിന്നും സ്വതന്ത്രമായിത്തീരണം. അത്ഭുതകരമായ സീയോന് എതിരെ ഉയരുന്ന പ്രതിബന്ധങ്ങളെ, ഭീഷണികളെ വിലക്കുന്നവരാണ് അവർ (യൂദ: 3). അതെ, നമുക്ക് സംശുദ്ധമായ സഭയും ആരാധനയുമാണ് ആവശ്യം (എഫേസ്യർ 5: 23–25). എന്നാൽ നാം പലപ്പോഴും നിർവ്വീര്യമായ സ്ഥാനം വിട്ടുകളയണം; അതിനെതിരെ പോരാടണം. ദൈവത്തിന്റെ സേവന പ്രക്രിയയിൽ മദ്ധ്യസ്ഥാനം അഥവാ നിഷ്പക്ഷമായ അല്ലെങ്കിൽ നിർവ്വീര്യമായ സ്ഥാനം എന്നൊന്നില്ല (മത്തായി 12: 30). ഒന്നിൽനിന്നും നമുക്ക് കൈ കഴുകി ഒഴിഞ്ഞുമാറുവാൻ സാദ്ധ്യമല്ല (മത്തായി 27: 24). നിഷ്ക്രിയരായ ആളുകൾ എന്നും ദൈവത്തിനു വേദനയുണ്ടാക്കുന്നു (വെളിപ്പാട് 3: 14–17).

## അശുദ്ധമായ ഭൂമി

സാത്താന്റെ സേവകൻമാർ നടക്കുന്ന ഭൂമി അശുദ്ധമാണ് (യോഹന്നാൻ 8:44). അത് ദൈവത്താൽ വെറുക്കപ്പെട്ടതുമാണ്. ആ റോഡ് അതായത് അശുദ്ധ ഭൂമിയിലേക്കുള്ള വഴി അടയാളപ്പെടുത്തിയിട്ടുണ്ട്. ഒരാൾ ആദ്യം അതിനെ ലക്ഷ്യമാക്കി നടക്കും. പിന്നീട് തന്നെ

കാണുന്നത് ആ അശുദ്ധഭൂമിയിൽ വസിക്കുന്നവനായിട്ടായിരിക്കും. അതിനു മറ്റാരെയും കുററം ചുമത്തരുത്. അവനവൻ സ്വയം തീരുമാനിച്ചശേഷമാണ് ഏതൊരു പ്രവൃത്തിയും ചെയ്യുന്നത്. യാക്കോബ് വിവരിച്ചിരിക്കുന്നത് അതേ അർത്ഥത്തിൽതന്നെയാണ് (യാക്കോബ് 1: 13–15). ഒരാൾ അശുദ്ധഭൂമിയിലേക്കു ലക്ഷ്യമിട്ടു സഞ്ചരിക്കുമ്പോൾ, താൻ വിശുദ്ധഭൂമിയിലേക്കാണ് പോകുന്നതെന്നു തോന്നുവാൻ ഇടയുണ്ട് (മത്തായി 15: 1–3). ദൈവേഷ്ടത്തിനു പകരം മനുഷ്യരുടെ പാരമ്പര്യമായ ആചാരങ്ങളെ അനുസരിച്ചു പോകുന്നവർ നിരവധിയാണ്. പക്ഷെ അനംഗീകൃതമായ ഇത്തരം മതപരമായ പ്രവൃത്തികൾക്കൊന്നിനും മനുഷ്യന്റെ പാപസംബന്ധമായ അവസ്ഥയെ മാറ്റുവാൻ കഴിയുന്നില്ല (മത്തായി 15: 9). ഒരിക്കൽ വിശുദ്ധഭൂമിയിൽ വസിച്ചിട്ട് പിന്നെ വിട്ടുപോകുന്നവർക്കും അവരുടെ അവസ്ഥയെ മാററുവാൻ സാദ്ധ്യമാകാതെവരുന്നു. അശുദ്ധമായ ഭൂമി നഷ്ടപ്പെട്ടുപോകുന്നവർക്കുള്ളതാണ്. ഇവിടെയുള്ളവർക്ക് ഉണ്ടാകുന്ന വളർച്ച വളരെ മന്ദഗതിയിലായിരിക്കും. എന്നാൽ ഒന്നു തീർച്ചയാണ്; അത് അവരുടെ അവസാനം നാശമായിരിക്കുമെന്നതാണ്. വിശുദ്ധ ബൈബിൾ അതിനെ മുന്നറിയിച്ചിട്ടുണ്ട്. ആകയാൽ നാം സൂക്ഷ്മതയോടെവേണം ലക്ഷ്യം ഇടുവാനും സഞ്ചരിപ്പാനും (2 തെസലൊനിക്യർ 2: 3–4).

## തെററായ വിശുദ്ധഭൂമി

തെററായ അനേക കാര്യങ്ങൾ ഉള്ളതുപോലെ തെററായ വിശുദ്ധഭൂമിയും കാണപ്പെടുന്നുണ്ട്, അക്ഷരീകമായ ഭൂമിയുടെ കാര്യമെടുത്താൽ അതു വ്യക്തമാകും. ക്രിസ്ത്യാനികൾ എന്നവകാശപ്പെടുന്ന അനേകമാളുകൾ ഇന്നും കരുതുന്നത് പാലസ്തീൻ ഒരു വിശുദ്ധസ്ഥലമായിട്ടാണ്. അതിനെ വിളിക്കുന്നത് 'പരിശുദ്ധ ഭൂമി' എന്നുമാണ്. പാലസ്തീൻ സന്ദർശിക്കുവാനുള്ള അവസരം കിട്ടിയാൽ വളരെ നല്ല കാര്യം. എന്നാൽ മററുള്ള സ്ഥലങ്ങൾക്കില്ലാത്തതുപോലെ ഇതിനും വിശുദ്ധതയൊന്നും അന്നും ഇന്നും ഇല്ല. നാമധേയവിഭാഗങ്ങൾ, അവിടെയുള്ള പ്രേക്ഷകർക്ക് ഇരിക്കുന്നതിനായി നിർമ്മിച്ചിട്ടുള്ള മന്ദിരങ്ങൾ പുണ്യസ്ഥലങ്ങളായി സൂക്ഷിച്ചിരിക്കുകയാണ്. പരസ്യമായി അനേകർ അന്ധമായി അതു വിശ്വസിക്കുകയും ചെയ്യുന്നു. ശരിയായ രീതിയിൽ ആളുകളെ പഠിപ്പിക്കാതിരുന്നതുകൊണ്ടാണ് ഇത്തരം തെററായ കാര്യങ്ങളിലേക്ക് ആളുകൾ വ്യതിചലിച്ചത്. അതുപോലെയുള്ള പുണ്യസ്ഥലങ്ങൾ സന്ദർശിച്ചാൽ പാപം മാഞ്ഞുകിട്ടും എന്ന അബദ്ധവും പരന്നിട്ടുണ്ട്. ദൈവത്തിന്റെ സഭയേയും അവന്റെ ഉപദേശത്തെയും നാം ഒരിക്കലും തുച്ഛമീകരിക്കരുത് (1 കൊരിന്ത്യർ 11: 22). ആ സ്ഥലങ്ങൾക്കൊന്നും ബൈബിൾ

പ്രാധാന്യം കൽപിക്കുന്നില്ല എന്നു പറഞ്ഞാൽ ആളുകൾ പറയും, അതെല്ലാം ഓരോ തീർത്ഥാടന കേന്ദ്രങ്ങൾ ആണെന്ന്. ഇപ്പോൾ പറയുന്നത് സുവിശേഷ പ്രചാരണത്തിനുള്ള ഒരു വേദിയായിട്ടാണ് അതിനെ മാററിയിരിക്കുന്നത് എന്നാണ്. തെററായ ഉപദേശങ്ങൾ രൂപഭേദങ്ങളോടെ എങ്ങനെ പടരുന്നുവെന്നതു നോക്കിയാൽ നമുക്കു തന്നെ ആശ്ചര്യം തോന്നിപ്പോകും. ഭോഷ്ക്ക് ഒരററം മുതൽ മറെറ അററം വരെ ദ്രുതഗതിയിൽ വ്യാപിക്കുന്നതുപോലെ ദുരുപദേശത്തിന്റെ കാററടിച്ച് തെററായ വിശുദ്ധ ഭൂമികൾ മനുഷ്യമനസുകളിൽ പതിപ്പിക്കും.

## വാസ്തവമായ വിശുദ്ധഭൂമി

വാസ്തവമായ വിശുദ്ധ ഭൂമി എന്നത് വളരെ മാഹാത്മ്യമുള്ളതാണ്. അത് യഥാർത്ഥവും സമൃദ്ധവുമായ ഒന്നത്രെ. പാലും, തേനും ഒഴുകുന്ന ഭൂപ്രദേശത്തേക്കാൾ പ്രാധാന്യമുള്ളതാണ് ആ സ്ഥലം. മണ്ണൊലിപ്പു തടയുവാനുള്ള മാർഗ്ഗം അതിലുണ്ട്. സൂര്യപ്രകാശം അതിനെ പ്രകാശപൂരിതമാക്കും. വിശുദ്ധ ഭൂമി സത്യമാണ്. സദൃശവാക്യം മുഴുവൻ അതിനെ ഉയർത്തി കാണിക്കുന്നു. രക്ഷിതാവായ ക്രിസ്തു പറയുന്നത്, ദൈവത്തിന്റെ വചനമാണ് സത്യം എന്നത്രെ (യോഹന്നാൻ 17: 17). തത്വസംഹിതകളിലോ, സിദ്ധാന്തങ്ങളിലോ, തോന്നലുകളിലോ സത്യമില്ല, അതു ബൈബിളിൽ മാത്രം കാണപ്പെടുന്നു. ബൈബിളിൽ ഇല്ലാത്ത ഒരൊററ സത്യവും നമ്മുടെ രക്ഷയ്ക്കായി അവശേഷിക്കുന്നില്ല. വേദശാസ്ത്ര പണ്ഡിതൻമാരും, ദൈവവിശ്വാസീയരല്ലാത്തവരുമായ ആളുകൾ അവരുടെ അറിവു വെച്ചുകൊണ്ട് സത്യത്തെ വ്യാഖ്യാനിക്കുകയും വിമർശിക്കുകയും ചെയ്യുന്നുണ്ട്. ദൈവവചനമാകുന്ന സത്യത്താൽ സ്ഥാപിതമായ സഭ വിശുദ്ധ സ്ഥലമായി അറിയപ്പെടുന്നു (മത്തായി 16: 18). സ്വാതന്ത്ര്യദാഹികൾ അതിന്റെ സ്വഭാവത്തെയും ആരാധനാരീതിയേയും മാററി അശുദ്ധമാക്കുവാൻ ഇടയായി. എന്നാൽ വാസ്തവമായ വിശുദ്ധ സഭയെ അവർക്ക് ഇല്ലാതാക്കുവാൻ സാദ്ധ്യമല്ല. അവസാനം സഭ എത്തിച്ചേരേണ്ട സ്ഥാനം സ്വർഗ്ഗമാണ്, ഈ ലോകത്ത് നമുക്ക് വിലപിടിപ്പുള്ള എല്ലാ വസ്തുക്കളും വേണ്ടിവന്നാൽ വിററ് അതിനേക്കാൾ വിലയുള്ള സ്വർഗ്ഗരാജ്യം വാങ്ങുവാൻ നാം മനസു വെക്കണം.

അതുകൊണ്ട് നിങ്ങൾ ദൈവത്തെ സ്നേഹിക്കുന്നുവെങ്കിൽ അവന്റെ വചനം അനുസരിച്ച് അവനെ ആരാധിച്ച്, സേവിച്ച് അവന്റെ കൃപയിലും അത്യന്ത ധനത്തിലും ആശ്രയിക്കുക. അപ്രകാരം ജീവിക്കുവാൻ നിങ്ങൾ തീരുമാനമെടുക്കും എന്നു ഞാൻ വിശ്വസിക്കുന്നു.

# നിത്യമായ ശിക്ഷ

നിത്യമായ ശിക്ഷ എന്ന വിഷയം സുഖകരമല്ലെങ്കിലും അതു ബൈബിളിൽ പ്രതിപാദിച്ചിട്ടുള്ള ഒരു കാര്യമാണ്. ക്രിസ്ത്യാനികൾ എന്നു പറയപ്പെടുന്നവരിൽ ശക്തമായ വാദപ്രതിവാദത്തിനിരയായ വിഷയവും അതുതന്നെ. ദൈവത്തിന്റെ സ്വഭാവത്തെയും മററും ചിലർ ഇതുമായി ബന്ധപ്പെടുത്തി ചോദ്യം ചെയ്യാറുമുണ്ട്. കുററം ചെയ്യുന്നവർ ശിക്ഷിക്കപ്പെടണമെന്നതു എവിടെയും ആരും അംഗീകരിക്കും. സമാധാനം സമൂഹ ജീവിതത്തിൽ കാണപ്പെടേണ്ടതിനു വേണ്ടിയാണല്ലോ നിയമങ്ങൾ അനിവാര്യമായി വരുന്നത് എവിടെ നിയമമുണ്ടോ അവിടെ ലംഘനവുമുണ്ട്. നിയമ ലംഘനമില്ലെങ്കിൽ ശിക്ഷയുടെ ആവശ്യമേ വരുന്നില്ല. താല്ക്കാലികമായ ശിക്ഷയെ പോലും ഭയക്കുന്നവരാണ് എല്ലാവരും. ആത്മീയമായ ശിക്ഷ ഈ ലോകജീവിതത്തിൽ താല്ക്കാലികമാണെങ്കിലും വരുവാനുള്ള ലോകത്തിൽ അതു എന്നേക്കുമുള്ള ശിക്ഷയായിട്ടാണ് ദൈവം മുന്നറിയിച്ചിരിക്കുന്നത്.

ഈ വിഷയത്തെ കുറിച്ചുള്ള ആധുനികമായ ചിന്ത പ്രധാനമായും മൂന്നായി തരം തിരിച്ചിരിക്കുകയാണ് 1, സാർവ്വത്രികത്വം 2, ഉൻമൂലനത്വം 3, മനസ്സാക്ഷിയെ നിത്യമായി ശിക്ഷിക്കുകയെന്നതിനെ സംബന്ധിച്ചു പരമ്പര്യമായ കാഴ്ചപ്പാട് ഇവ ഒരോന്നും ചുരുക്കമായി ശ്രദ്ധിക്കാം.

അവസാനം എല്ലാവരും രക്ഷിക്കപ്പെടും എന്ന സിദ്ധാന്തത്തിന് A.D. 254-ൽ മരിച്ചുപോയി ഒറിജൻ എന്ന വ്യക്തിയോളം പഴക്കമുണ്ട്. ഒറിജെനിന്റെ കാലം മുതൽ ഇന്നു വരെ വ്യത്യസ്ഥ രൂപത്തിലും ഭാവത്തിലും ആ ആശയം ലോകത്തിൽ പ്രചരിപ്പിക്കപ്പെട്ടിരിക്കുന്നു. 1961-ൽ രൂപം കൊണ്ട് യൂണിറേറിയൻ യൂണിവേഴ്സലിസ്ററ് അസോസിയേഷൻ എന്ന സംഘടനയുടെ ഔദ്യോഗിക ഉപദേശവും അതുതന്നെയാണ്. സാധാരണ രീതിയിൽ എല്ലാവരും രക്ഷിക്കപ്പെടുമെന്നു സൂചിപ്പിക്കുന്ന തിരുവെഴുത്തുകൾ ഒന്നു തന്നെയില്ല. ആ അർത്ഥം ബോധിപ്പിക്കുന്നതോ വ്യാഖ്യാനിക്കുവാൻ ഇടയുള്ളതോ ആയ വാക്യങ്ങളുമില്ല. അപ്പോൾ അതു മനുഷ്യസങ്കല്പം മാത്രമായി ഒതുങ്ങുന്നു. ദൈവീകമായി അതിന്നു യാതൊരു ബന്ധവുമില്ല.

(Annihelationalism) ഉൻമൂലനത്വം അവകാശപ്പെടുന്നത്, അനശ്വരത്വം നിബന്ധനയോടുകൂടിയതാണെന്നാണ്. അവരുടെ കാഴ്ചപ്പാടനുസരിച്ച്, ഉയർത്തെഴുന്നേൽപ്പിൻ അവനുള്ളവർക്കു ദൈവം മാത്രമാണല്ലോ അക്ഷയത്വം നൽകുന്നത് (1 കൊരിന്ത്യർ 15:50-55) അപ്പോൾ മറെറല്ലാവരും നശ്വരൻമാരും മരണത്തോടുകൂടെ ഉൻമൂലനം ചെയ്യപ്പെടുകയും ചെയ്യുന്നു എന്നത്രേ. 19-ാം നൂററാണ്ടു മുതൽ ആണ് ഈ സിദ്ധാന്തത്തിനു പ്രചുര പ്രചാരം സിദ്ധിച്ചത്. ഈ തത്വത്തെ ന്യായീകരിക്കുന്ന അനേക പുസ്തകങ്ങൾ പലരും രചിച്ചിട്ടുണ്ട്. എന്നാൽ ദൈവശാസ്ത്രീയമായ അവന്റെ അരുളപ്പാട്ടിൽനിന്നും വിദൂരമാണ് മനുഷ്യരുടെ ഈ ഊഹാപോഹങ്ങൾ.

വ്യക്തമായ ബൈബിൾ ഉപദേശമെന്തെന്നാൽ പാപം ശിക്ഷിക്കപ്പെടണം എന്നതാണ് (ദാനീയേൽ 12:2) ന്യായവിധി എന്നതു ദൈവനിശ്ചയമാണ് (യോഹന്നാൻ 5:28-25) കാഠിന്യവും അനുതാപമില്ലാത്ത ഹൃദയവുമാണ് ദൈവകോപത്തിനിരയാക്കുന്നത് ശാഠ്യം പൂണ്ട സത്യം

അനുസരിക്കാതെ അനീതിയിൽ രസിക്കുന്നവർക്കു ദൈവകോപമാണ് അവശേഷിക്കുന്നത്. ആ ശിക്ഷയുടെ കാലയളവ് പുതിയ നിയമത്തിൽ പല ഭാഗത്തും പ്രകടിപ്പിച്ചിട്ടുണ്ട്. യേശുക്രിസ്തു പറയുകയുണ്ടായി, ''നിന്റെ കയ്യോ കാലോ നിനക്കു ഇടർച്ച ആയാൽ, അതിനെ വെട്ടി എറിഞ്ഞു കളയൂ. രണ്ടു കയ്യും രണ്ടു കാലും ഉള്ളവനായി നിത്യാഗ്നിയിൽ വീഴുന്നതിനേക്കാൾ അംഗഹീനയായിട്ടോ മുടന്തനായിട്ടോ ജീവനിൽ കടക്കുന്നത് നിനക്കു നന്ന്. (മത്തായി 18:8). നിത്യമെന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത്, ഒരിക്കലും അവസാനിക്കാത്ത കാലത്തെ സൂചിപ്പിക്കുന്നതിനാണ്. എന്നേക്കുമുള്ള അവസ്ഥയെയാണ് അതിൽ അർത്ഥമാക്കിയിരിക്കുന്നത്. അപ്പൊസ്തലനായ പൗലോസിനെ തടവിലാക്കിയ രാജാവിനുവേണ്ടി അവർ പ്രാർത്ഥിക്കുന്നതായും നാം വായിക്കുന്നുണ്ട്. അവിടെയും ഉപയോഗിച്ച വാക്ക് ഇതേ അർത്ഥത്തിൽ തന്നെ.

നിത്യനായ ദൈവത്തിനും അവനുള്ള മഹത്വം എന്നേക്കുമുള്ളത് എന്നെല്ലാം പറയുമ്പോൾ ഒരേ ഗ്രീക്കു വാക്കാണ് പ്രതിപാദിച്ചിരിക്കുന്നത്. ഇതിലും അധികമായി എന്നേക്കുമുള്ള കാലയളവിനെ അറിയിക്കുക പ്രയാസകരമാണ്. ദൈവത്തിന്റെ കാലയളവിനു പരിമിതിയില്ലാത്തതുപോലെയാണ് നിത്യശിക്ഷാവിധിയ്ക്കു ഒരു പരിധിയില്ല. നിത്യജീവൻ എന്ന വാക്കിനു നിത്യശിക്ഷാവിധി എന്ന വാക്കിന്നു ഉപയോഗിച്ചിരിക്കുന്നത് ഒരേ വിശേഷണ രൂപമാണ് (മത്തായി 25:46) രണ്ടും പരിധിയില്ലാത്തകാലയളവിനെയാണ് സൂചിപ്പിക്കുന്നത്.

നിത്യ ശിക്ഷാവിധി മാററിയെടുക്കുന്നതിനോ അതിന്റെ കാലാവധി ചുരുക്കുന്നതിനോ ഒരു വ്യക്തിക്കും സാദ്ധ്യമല്ലാത്തവിധം നിശ്ചിതമാണ് അത്. അതു മാത്രമല്ല, നമ്മുടെ മനസാക്ഷിയുടെ നിലനിൽപ്പും നിരന്തരമാണ് എന്നും നാം അറിഞ്ഞിരിക്കണം. നരകത്തെ യേശുക്രിസ്തു വിവരിച്ചിരിക്കുന്നത് കെടാത്ത തീ ആയിട്ടാണ്; പുഴു ചാകുകയുമില്ല എന്നും പറഞ്ഞിരിക്കുന്നു (മർക്കൊസ് 9:47, 48). കൊന്നു നരകത്തിൽ ഇടുവാൻ കഴിവുള്ള ദൈവത്തെ ഭയപ്പെടുവാനും കർത്താവു പറഞ്ഞിരിക്കുന്നു. ഒരിക്കലും ക്ഷമിക്കപ്പെടാത്ത പാപത്തെപ്പററി അവൻ വ്യക്തമാക്കിയിട്ടുണ്ട്. അത് ഈ ലോകത്തിലും വരുവാനുള്ള ലോകത്തിലും ക്ഷമിക്കാത്ത പാപമാണ് പരിശുദ്ധാത്മാവിനെതിരായുള്ള ദൂഷണമാണ് അവൻ ഉദ്ദേശിക്കുന്നത്.

വിശുദ്ധയോഹന്നാൻ എഴുതിയിരിക്കുന്നത്, 'പുത്രനിൽ വിശ്വസിക്കുന്നുവനു നിത്യജീവൻ ഉണ്ട്. പുത്രനെ അനുസരിക്കാത്തവനോ ജീവനെ കാണുകയില്ല, ദൈവക്രോധം അവന്റെമേൽ വസിക്കുന്നതേയുള്ളു (യോഹന്നാൻ 3:36). വാതിൽ അടക്കുന്ന സമയത്തെക്കുറിച്ച് യേശുക്രിസ്തു ഓർമ്മിപ്പിച്ചിട്ടുണ്ട്. ചിലരെ ഏററവും പുറത്തുള്ള ഇരുട്ടിലേക്കു തള്ളിക്കളയുമെന്നും അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും എന്നും രേഖപ്പെടുത്തിയിരിക്കുന്നു. ഈ ലോകജീവിതത്തിനുശേഷം അടുത്തുകൂടാത്ത ഒരു പിളർപ്പ് ആണ് അവശേഷിക്കുന്നത് അവസാനനാളിൽ കർത്താവു തന്റെ ഇടത്തുള്ളവരോട്, ശപിക്കപ്പെട്ടവരേ, എന്നെ വിട്ടു പിശാചിനും അവന്റെ ദൂതൻമാർക്കും ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്കു പോകുവിൻ (മത്തായി 25:4) എന്നു തീർത്തു പറയും. സാത്താനും അവന്റെ ദൂതൻമാർക്കുമായി രാവും പകലും നിത്യ ദണ്ഡനം സൂക്ഷിച്ചിരിക്കുന്നു. ദൈവത്തിനെതിരായ തിൻമ പ്രവർത്തിക്കുന്ന ആർക്കും കണക്കുകൊടുക്കാതിരിപ്പാനോ

അവരുടെ പ്രവർത്തിക്കു തക്ക ഫലം അനുഭവിക്കാതിരിപ്പാനോ സാദ്ധ്യമല്ല.

നരകത്തെക്കുറിച്ച് പറഞ്ഞിട്ടുള്ള വിവരണങ്ങൾ ആലങ്കാരികമാണെന്നുള്ളത് വാസ്തവമാണ്. എന്നിരുന്നാലും അത്തരത്തിലുള്ള സന്ദർഭം ഉണ്ടാകുമെന്നതും അതുപോലെ പരമാർത്ഥമാണ്. അല്ലെങ്കിൽ അങ്ങനെ സംഭവിക്കാതിരിക്കാൻ തക്കതായ കാരണവും പറഞ്ഞിരിക്കണം. പക്ഷെ യേശുക്രിസ്തുവിന്റെ സ്പഷ്ടമായ ഉപദേശത്തെ എതിർക്കുന്ന ശരിയായ ഒരു കാരണവുമില്ല എന്നു നമുക്കറിയാം.

തീ എന്നു പറഞ്ഞിട്ടുള്ളത്, നിത്യശിക്ഷയുടെ കാഠിന്യത്തെ വെളിപ്പെടുത്തുന്നതിനുവേണ്ടിയാണ്. സാധാരണ തീ കത്തുന്ന ഭയാനകത്വം എല്ലാവർക്കും സുപരിചിതമാണല്ലൊ. പുറപ്പാടു പുസ്തകം 3—ാം അദ്ധ്യായത്തിൽ മോശെ കണ്ടതായ കത്തുന്ന മുൾപ്പടർപ്പും അക്ഷരീകമായ തീയായിരുന്നില്ല. ആലങ്കാരികമായി വർണ്ണിക്കുകയായിരുന്നു. ദൈവത്തെ മനസിലാക്കുവാൻ നാം ഒരിക്കലും നമ്മുടെ പരിമിതമായ മനുഷ്യബുദ്ധിയെ ആശ്രിക്കരുത്. എന്നാൽ ദൈവം യേശുക്രിസ്തുവിലൂടെ ദൈവത്തെ പൂർണ്ണമായി വെളിപ്പെടുത്തി നമുക്കു മനസിലാക്കിതന്നു. നിത്യയാതന വെച്ചിരിക്കുന്നതിന്റെ ഉദ്ദേശം, എല്ലാവരും ദൈവത്തെ സ്നേഹിക്കുകയും, അനുസരിക്കുകയും ചെയ്യണം എന്നതാണ്. അതു ദൈവത്തിന്റെ കരുണയ്ക്കും കൃപയ്ക്കും എതിരായിട്ടു ചിത്രീകരിക്കുന്നവരുണ്ട്. അത് വാസ്തവവിരുദ്ധമാണ്. ദൈവ കരുണയെയും മനസ്സലിവിനെയും ആരും ദൂഷണം ചെയ്യപ്പെടരുത് എന്നതും പ്രാധാന്യമർഹിക്കുന്ന ഒന്നത്രെ.

ദൈവ വചനത്തിനുള്ള എല്ലാ കാര്യങ്ങളും പൂർണ്ണമായി നമുക്കു മനസിലാക്കണമെന്നില്ല. നാം ചെയ്യുന്ന വിഷയത്തിലും നമ്മുടെ തോന്നലുകൾ നമ്മെ സ്വാധീനിക്കുന്നു; അതു ചില അവസരങ്ങളിൽ നമ്മുടെ ചിന്തയെ ബാധിക്കുന്നു. സ്വർഗത്തെക്കുറിച്ച് വിചാരിച്ച് സന്തോഷിക്കുന്നു. എന്നാൽ നരകത്തെക്കുറിച്ച് ആലോചിക്കുമ്പോഴൊ? നമ്മുടെ ബുദ്ധിയിൽ ആശ്രയിക്കുന്നനുകൊണ്ടാണ് പലപ്പോഴും നാം മനസിലാക്കേണ്ടത് മനസിലാകാതെ പോകുന്നത് അളവില്ലാത്ത ദൈവത്തിന്റെ വിശുദ്ധിയിയെ നിലനിർത്തുവാൻ ആഗ്രഹിക്കുന്ന ദൈവ മനസ് അറിഞ്ഞു പ്രവർത്തിക്കുക എന്നതാണ് നമ്മുടെ ധർമ്മം ബൈബിൾ ഉപദേശത്തോടു മനുഷ്യർ എങ്ങനെ പ്രതികരിക്കുന്നു എന്നല്ല നാം ചിന്തിക്കേണ്ടത്; മറിച്ച് യേശുക്രിസ്തുവും തന്റെ അപ്പൊസ്തലൻമാരും അതിനെ സംബന്ധിച്ച് എന്തു പറയുന്നു എന്നതായിരിക്കണം.

ആത്മാവ് അക്ഷയമാണ് എന്നു ബൈബിൾ പറയുന്നില്ല എന്നതു വാസ്തവമാണ്, എന്നിരുന്നാലും തുടർന്നുള്ള ഒരു നിലനിൽപ്പ് നിഷേധിക്കാനാവാത്ത ആശയങ്ങൾ ധാരാളം ഉണ്ട് താനും. അതിനാൽ ആത്മാവിന്റെ അവസ്ഥ എപ്രകാരമായിരിക്കുമെന്നതും ചിന്തനീയമത്രെ.

അമർത്യത എന്നത് ദൈവത്തോടുള്ള കൂട്ടായ്മയെ ബന്ധിപ്പിച്ചുകൊണ്ട് ചിത്രീകരിച്ചിട്ടുണ്ട്. ദൈവസാദൃശ്യത്തിലാണ് മനുഷ്യനിലുള്ള നിത്യമായ ഭാഗം സ്ഥിതിചെയ്യുന്നത്. ആ സ്വരൂപം നഷ്ടമാകുന്നില്ല. ദുഷ്ടൻ നശിച്ചുപോകും എന്ന ബൈബിൾ പ്രസ്താവനകൊണ്ടുദ്ദേശിക്കുന്നത് പിന്നീട് അവശേഷിക്കുകയില്ല എന്ന രീതിയിലല്ല. ക്ഷേമം ഇല്ലാതാകുന്ന അഥവാ നൻമ ആ വ്യക്തിയിൽ നിന്നും നീക്കം ചെയ്യപ്പെടും എന്നതാണു സൂചന.

# ഈശ്വരത്രിത്വം മനുഷ്യനോടുകൂടി

ക്രിസ്തീയ വിശ്വാസത്തിന്റെ പ്രധാന ഘടകമായ ദൈവത്തിന്റെ ത്രിത്വം, മനുഷ്യ ശരീരത്തോടുകൂടി വസിയ്ക്കുന്നുവെന്ന് വേദപുസ്തകത്തിൽ വ്യക്തമായി പറഞ്ഞിരിയ്ക്കുന്നു.

സൃഷ്ടിയുടെ പുസ്തകത്തിൽ മനുഷ്യനെ മണ്ണുകൊണ്ട് സൃഷ്ടിച്ച് പിതാവായ ദൈവം ജീവൻ ഊതിക്കൊടുത്തു. സൃഷ്ടി 2.7. എന്നു പറഞ്ഞിരിയ്ക്കുന്നു.

ജീവൻ ദൈവത്തിന്റെ ദാനമാണ് എന്നു വിശ്വസിക്കാത്തവർക്ക് ദൈവത്തിൽ വിശ്വസിയ്ക്കുവാൻ സാധിയ്ക്കുകയില്ല. ജീവനുള്ളതെല്ലാം ദൈവത്തിന്റെ സൃഷ്ടിയാകുന്നു. അവ എല്ലാം ഉണ്ടാകട്ടെ എന്നു ദൈവം പറഞ്ഞപ്പോൾ ഉണ്ടായി സൃഷ്ടി 1.24. എന്നാൽ മനുഷ്യനെ മണ്ണുകൊണ്ട് സൃഷ്ടിച്ച് ദൈവീകജീവൻ ഊതിക്കൊടുത്തുവെന്ന് എഴുതിയിരിയ്ക്കുന്നു.

## മനുഷ്യമഹത്വത്തിന്റെ അടിസ്ഥാനം ദൈവീകജീവനാകുന്നു.

വി. യോഹന്നാന്റെ സുവിശേഷം ആരംഭിയ്ക്കുന്നത് ''ആദിയിൽ വചനം ഉണ്ടായിരുന്നു. വചനം ദൈവത്തോടുകൂടി ആയിരുന്നു. വചനം ദൈവമായിരുന്നു.''
യോ. 1.2 എന്നാണ്.

പുത്രനായ ദൈവം ഭൂമിയിൽ വന്ന് തന്റെ വചനം അറിയിയ്ക്കുകയും അത് മനുഷ്യനോടുകൂടി വസിയ്ക്കുകയും ചെയ്യുന്നു. ഹൃദയം നിറഞ്ഞുകവിയുന്നതിൽ നിന്നല്ലോ വായ സംസാരിയ്ക്കുന്നത്. മത്തായി 12.35 എന്ന് വി. പുസ്തകം പറയുന്നു. മനുഷ്യഹൃദയങ്ങളിൽ നിറയുന്ന വചനം അറിവാകുന്നു. കൃത്യമായി പറയുമ്പോൾ മനുഷ്യന്റെ അറിവുതന്നെയാണ് വചനം.

## മനുഷ്യരക്ഷയുടെ അടിസ്ഥാനം ദൈവീക അറിവാകുന്നു.

പരിശുദ്ധാത്മാവിന്റെ ആഗമനം പുതിയനിയമത്തിലെ അതിപ്രധാന സംഭവങ്ങളിൽ ഒന്നാകുന്നു. നടപടി പുസ്തകത്തിൽ ''പരിശുദ്ധാത്മാവ്'' നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് ലോകത്തിന്റെ അറുതികൾവരെയും എന്റെ സാക്ഷികൾ ആകും. നടപടി 1.8. എന്നു പറയുന്നു.

പരിശുദ്ധാത്മാവ് ദൈവീക ശക്തിയാകുന്നുവെന്ന് സംശയത്തിന് ഇടവരാത്ത വിധം വേദപുസ്തകം സാക്ഷിയ്ക്കുന്നു. പരി

ശുദ്ധാത്മാവ് വ്യാപരിക്കുന്ന മനുഷ്യൻ സഹിഷ്ണതയുടെയും സാഹോദര്യത്തിൻെറയും പ്രതീകമായിരിയ്ക്കും. അവൻ നിത്യതയ്ക്ക് അവകാശിയായിരിക്കും.

## നിത്യജീവൻെറ അടിസ്ഥാനം ദൈവിക ശക്തിയാകുന്നു

പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നു വിളിയ്ക്കുന്നതിനു പകരം ജ്ഞാനം അറിവ്, ശക്തി എന്നു പറഞ്ഞാൽ ഇവയെല്ലാം മനുഷ്യദൃഷ്ടികൾക്ക് അഗോചരമായി മനുഷ്യശരീരത്തോടു കൂടി വസിയ്ക്കുന്നു എന്നു കാണാം.

പിതാവിൽനിന്നും പുത്രനിൽനിന്നും പരിശുദ്ധാത്മാവു പുറപ്പെടുന്നുവെന്നു് ക്രിസ്ത്യാനികൾ പഠിപ്പിക്കുന്നു. മനുഷ്യനിൽ ജീവൻെറയും അറിവിൻെറയും സംയുക്ത പ്രവർത്തന ഫലമായി ശക്തി പുറപ്പെടുന്നു എന്നതു നിഷേധിയ്ക്കാൻ കഴിയാത്ത സത്യമാണ്.

# യഥാർത്ഥ ദൈവ പൈതൽ ആർ?

**ബിജോയ് തോമസ്**

സാത്താനിൽനിന്നും ഉത്ഭൂതമായ രണ്ടു പ്രശ്നങ്ങൾ നമ്മെ അഭിമുഖീകരിക്കുന്നു: അതിലൊന്ന് ക്രിസ്തീയ അനുഭവങ്ങളില്ലാത്ത അനേകരെ തങ്ങൾ യഥാർത്ഥ ക്രിസ്ത്യാനികളാണെന്ന് അവൻ വിശ്വസിപ്പിക്കുന്നു: മറ്റൊന്ന് അനേക രക്ഷിക്കപ്പെട്ട യഥാർത്ഥ ക്രിസ്ത്യാനികളുടെ ഹൃദയത്തിൽ അവരുടെ രക്ഷയുടെ ഉറപ്പിനെക്കുറിച്ച് അവൻ സംശയം ഉളവാക്കുന്നു. രക്ഷയെക്കുറിച്ച് ശരിയായ ഉറപ്പില്ലാത്ത രക്ഷിക്കപ്പെട്ടവരുടെ അവസ്ഥ തികച്ചും പരിതാപകരമാണ്. അതുപോലെ തന്നെ രക്ഷിക്കപ്പെടാത്തവർ യഥാർത്ഥ ക്രിസ്ത്യാനികളാണെന്ന് ധരിക്കുന്നത് തികച്ചും ശോചനീയവുമാണ്. ഈ ലോകത്തുള്ള വളരെയധികം നല്ല കാര്യങ്ങൾ ചെയ്യുവാൻ കഴിഞ്ഞാൽ സ്വർഗ്ഗത്തിൽ പോകാൻ കഴിയുമെന്ന് ആത്മാർത്ഥമായും വിശ്വസിക്കുന്ന വളരെയധികം ആളുകളുണ്ട്. എന്നാൽ വേദപുസ്തകം പറയുന്നു, ചിലപ്പോൾ ഒരു വഴി മനുഷ്യനു ചൊവ്വായി തോന്നുന്നു. അതിൻെറ അവസാനമോ മരണവഴികൾ അത്രെ. (സഭ്യ 10 ; 25) ചൊവ്വില്ലാത്തതായി തോന്നുന്ന വഴിയല്ല ചൊവ്വായി തോന്നുന്ന വഴിയത്രെ മരണത്തിൽ അവസാനിക്കുന്നത്. ചുരുക്കത്തിൽ, നമുക്കു തോന്നുന്നു എന്നതു കൊണ്ടുമാത്രം അതു ചൊവ്വായിരിക്കണമെന്നില്ല. ഒരു ഭിത്തി നമ്മുടെ ദൃഷ്ടിയിൽ തികച്ചും ലംബമായി തോന്നാം. എ

ന്നാൽ യഥാർത്ഥമായും അതു ലംബമായ രീതിയിൽ തന്നെയാണോ എന്നറിയണമെങ്കിൽ ലവൽ നോക്കുന്ന ഉപകരണം കൊണ്ട് (Plumb line) അതു നിജപ്പെടുത്തണം. ചൊവ്വും നേരുമുള്ള വഴി തിരിച്ചറിയാനുള്ള അളവിൻെറ മാനദണ്ഡമത്രെ വിശുദ്ധ ബൈബിൾ.

## സാത്താൻെറ കള്ള നാണയം

ദൈവീകമായ എല്ലാ യഥാർത്ഥ വസ്തുതകൾക്കും പകരമായി പിശാചിൻെറ പക്കൽ കള്ള നാണയങ്ങളുണ്ട്. യഥാർത്ഥ വസ്തുതകളുടെയും സത്യങ്ങളുടെയും അതേ സാമൃത്തിലും രൂപത്തിലും കള്ളനാണയങ്ങൾ കാണപ്പെടുന്നു എന്നതാണ് കള്ളനാണയങ്ങൾ വിലപ്പോകുന്നതിൻെറ മുഖ്യകാരണം. ഒരു യഥാർത്ഥ വിദഗ്ദ്ധനുമാത്രമേ അതിനുള്ളിലെ കാപട്യം കണ്ടുപിടിക്കുവാൻ കഴിയുകയുള്ളു. ആയതിനാൽ ഒരു സാധാരണ മനുഷ്യനെ സംബന്ധിച്ചിടത്തോളം കള്ള നാണയത്തെ യഥാർത്ഥ നാണയത്തിൽ നിന്നും തിരിച്ചറിയാൻ കഴിഞ്ഞെന്നു വരികയില്ല. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന ശക്തികൾ വിശുദ്ധ ത്രിത്വത്തിൽ അടങ്ങിയിരിക്കുന്നതു പോലെ തന്നെ, സാത്താൻ, എതിർക്രിസ്തു, കള്ള പ്രവാചകൻമാർ എന്ന ദുഷ്ട ശക്തികൾ ''നരകീയ ത്രിത്വത്തിൽ'' അടങ്ങിയിരിക്കുന്നു. ദൈവത്തിനു സുവിശേഷമുള്ളതു പോലെ സാത്താനും അവൻേറതായ സുവിശേഷമുണ്ട്. സാത്താൻെറ സുവിശേഷത്തിലും മനുഷ്യൻ അഹിതമായതും അധമമായതും ചെയ്യുവാൻ അനുശാസിക്കുന്നില്ല. എന്നാൽ ആയത് യഥാർത്ഥമായ സുവിശേഷത്തെ മറിച്ചു കളയുന്നു. അതു കൊണ്ടാണ് വിശുദ്ധ പൗലോസ് പറയുന്നത് ''ക്രിസ്തുവിൻെറ കൃപയാൽ നിങ്ങളെ വിളിച്ചവനെ വിട്ട് നിങ്ങൾ ഇത്ര വേഗത്തിൽ വേറൊരു സുവിശേഷത്തിലേക്കു 'മറിയുന്നതു കൊണ്ട് ഞാൻ ആശ്ചര്യപ്പെടുന്നു.'' അതു വേറൊരു സുവിശേഷം എന്നല്ല, ചിലർ നിങ്ങളെ കലക്കി ക്രിസ്തുവിൻെറ സുവിശേഷം മറിച്ചു കളവാൻ ഇച്ഛിക്കുന്നു എന്നത്രേ (ഗലാ:6, 7). കള്ള സുവിശേഷം ഒരുവനെ വചനാടിസ്ഥാനമല്ലാതെയുള്ള മററു വിശ്വാസങ്ങളിലേക്ക് വഴി നടത്തുന്നു.

കർത്താവിന് ശുശ്രൂഷക്കാരുള്ളതുപോലെ സാത്താനും ശുശ്രൂഷക്കാരുണ്ട് (2 കൊരി 11: 13—15) അനേകരും ധരിക്കുന്നത് സാത്താൻെറ ശിഷ്യൻമാർ അധോലോകത്തിലെ കള്ളൻമാരും കവർച്ചക്കാരുമൊക്കെയാണെന്നാണ്. എന്നാൽ അങ്ങനെയല്ല, സാത്താൻെറ ശുശ്രൂഷക്കാർ തന്നത്താൻ നീതിയുടെ ശുശ്രൂഷക്കാരുടെ വേഷം ധരിച്ചു കൊണ്ട് ഒരു കാലത്തു വിശുദ്ധമായിരുന്ന അനേക ദേവാലയങ്ങളുടെയും സഭകളുടെയും പ്രസംഗ വേദിയിൽ നിന്നുകൊണ്ട് ദൈവ വചനത്തിൽ നിന്നു തന്നെ പ്രസംഗിക്കുന്നു. മനോഹരമായ രീതിയിൽ പാടുക

യും പ്രാർത്ഥിക്കുകയും ചെയ്യുന്നു. എന്നാൽ അവർ അങ്ങനെ ചെയ്യുന്നതിലൂടെ യഥാർത്ഥ സുവിശേഷകനെയും നിർമ്മല സുവിശേഷത്തെയും അവർ എതിർക്കുന്നു. ആയതിലേക്ക് കെട്ടിച്ചമച്ച അനേക സിദ്ധാന്തങ്ങളും വാദമുഖങ്ങളുമായി അവർ വിശ്വാസികളെ ചിന്താകുഴപ്പത്തിലാക്കുന്നു. ഒന്നു നാം മനസ്സിലാക്കണം, യഥാർത്ഥ ക്രിസ്ത്യാനിയും കള്ള ക്രിസ്ത്യാനിയുമുണ്ട്: തിരിച്ചറിവാൻ കഴിയാത്തതു പോലെ അവർ സാമ്യപ്പെട്ടിരിക്കുന്നു. (മത്തായി 13:24–30, കോതമ്പിന്റെയും കളയുടെയും ഉപമ). യഥാർത്ഥ ക്രിസ്ത്യാനി ദൈവ വചനത്തിൽ വീണ്ടും ജനിച്ചവനും ക്രിസ്തുവിന്റെ മരണത്താൽ ദൈവത്തോടു തീർപ്പു പ്രാപിച്ചവനുമാണ്. ക്രിസ്തു അവന്റെ ഹൃദയത്തിൽ ജീവിക്കുന്നു. ''കള്ളനാണയ ക്രിസ്ത്യാനികൾക്ക് അവരുടെതായ വിശ്വാസ തത്വ സംഹിതകളുണ്ട്. പുറമേ അവർ വീണ്ടും ജനിച്ച ക്രിസ്ത്യാനികളെപ്പോലെ തോന്നിക്കും; ക്രിസ്ത്യാനിയുടെ ഭാഷാ ശൈലിയിൽ സംസാരിക്കുന്നു. ജീവകാരുണ്യ ക്രിസ്തീയ പ്രവർത്തനങ്ങൾ എന്ന പേരിൽ അനേകം പ്രവർത്തികളിൽ അവർ വ്യാപൃതരായിരിക്കാം. എന്നാൽ അവർ ക്രിസ്ത്യാനികളല്ല കാരണം യേശുക്രിസ്തു അവരുടെ ഹൃദയത്തിൽ ജീവിക്കുന്നില്ല എന്നതത്രെ. അവരുടെ ജീവിതത്തിൽ ഉയർത്തെഴുന്നേററവനായ ക്രിസ്തുവിന്റെ ജീവചൈതന്യമില്ല. അങ്ങനെയുള്ള ബഹുഭൂരിപക്ഷത്തെക്കൊണ്ട് ക്രൈസ്തവ സഭ നിറഞ്ഞിരിക്കുന്നു. ദൈവത്തിനു സഭയുള്ളതുപോലെ സാത്താനും സഭയുണ്ട്.

ക്രിസ്തുവിന്റെ സഭ അവന്റെ ശരീരമത്രേ (ഗലാ 1; 2) സാത്താന്റെ സഭ മ്ലേച്ഛതയുടെ വേശ്യമാരുടെ മാതാവത്രെ. (വെളി 17:5). യേശുക്രിസ്തുവിന്റെ സഭ രൂപം കൊണ്ടിരിക്കുന്നത് കർത്താവിന്റെ ശരീരത്താലും ആത്മാവിനാലും വീണ്ടും ജനിച്ച വിശ്വാസികളെക്കൊണ്ടാണ്. സാത്താന്റെ സഭ രൂപം കൊണ്ടിരിക്കുന്നത് വീണ്ടും ജനനത്തിന്റെ അനുഭവമില്ലാത്ത നാമധേയ ക്രിസ്ത്യാനികളെക്കൊണ്ടാണ്: അവരുടെ ദൈവം ക്രിസ്തുവല്ല, പിന്നയോ 'സഭ' യത്രെ. അതുകൊണ്ട് പ്രിയ വായനക്കാരാ താങ്കൾ യഥാർത്ഥ വിശ്വാസത്തിലായിരിക്കുന്നുവോ എന്നു താങ്കളെ തന്നെ ശോധന ചെയ്യുക (2 കൊരി:13:5) യഥാർത്ഥമായിട്ട് ക്രിസ്തുവിനെ സ്വന്ത രക്ഷിതാവായിട്ട് സ്വീകരിച്ചിട്ടില്ലായെങ്കിൽ, ഇപ്പോൾ ഉള്ള വിശ്വാസം കൊണ്ട് തൃപ്തിപ്പെട്ടിരിക്കുകയാണെങ്കിൽ ഒരു വിചിന്തനം ചെയ്യേണ്ടത് അത്യന്താപേക്ഷിതമായിരിക്കുന്നു. ഇപ്പോൾ അതിനുള്ള അവസരമുണ്ട്. യേശുക്രിസ്തുവിന്റെ രണ്ടാം വരവ് ഏററവും അടുത്തിരിക്കുന്നു. നമ്മുടെ വിശുദ്ധിയെ തികയ്ക്കുക. ഇതു വായിക്കുന്നവർക്കെല്ലാം കർത്താവിന്റെ സഭയിലായി തീർന്നു മദ്ധ്യാകാശത്തിൽ തമ്മിൽ തമ്മിൽ കാണാൻ ഇടവരട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

***

# സ്വർഗത്തിൽ ഇല്ലാത്ത നാലു കാര്യങ്ങൾ

ആൻഡ്രു. എം.

സ്വർഗ്ഗത്തെക്കുറിച്ച് വളരെ ദൈർഘ്യവും പ്രിയങ്കരവുമായ ഒരു വിവരണമാണ് വെളിപ്പാടു പുസ്തകം 21-ഉം 22-ഉം അദ്ധ്യായം നൽകുന്നത്. അതിൽ ഉപയോഗിച്ചിരിക്കുന്ന ഭാഷാശൈലി നമ്മുടെ ഹൃദയങ്ങളെ ഇളക്കുന്നതാണ്. അതു നമ്മിൽ താൽപര്യമുണർത്തുകയും, എന്തു വില കൊടുക്കേണ്ടിവന്നാലും അവിടെ പോകുവാൻ നമ്മെ ഉത്തേജിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ ഈ രണ്ട് അദ്ധ്യായങ്ങൾ ശ്രദ്ധേയമായി പഠിക്കുമ്പോൾ സ്വർഗ്ഗത്തിൽ നാലു കാര്യങ്ങൾ കാണുന്നില്ല എന്നു മനസ്സിലാക്കാം. വേറെയും പലതും കണ്ടേക്കാം. പക്ഷേ ചുരുങ്ങിയത് നാലു കാര്യങ്ങൾ അവിടെയില്ല എന്നു വളരെ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. തന്നെയുമല്ല; ദൈവത്തിന്റെ രൂപപ്പെടലിൽതന്നെ അവ ഇല്ലായിരുന്നുവെന്ന് സ്പഷ്ടം. അവ അവിടെ ഉണ്ടാകണമെന്നു ദൈവം ആഗ്രഹിച്ചിരുന്നില്ല. അതെല്ലാം അവിടെ ഉണ്ടാകുവാൻ ദൈവം അനുവദിക്കുകയുമില്ല. വാസ്തവത്തിൽ അവയുടെ സ്വഭാവംതന്നെ തെളിയിക്കുന്നത് സ്വർഗ്ഗത്തിൽ വസിക്കുക അതിനു സാദ്ധ്യമല്ല എന്നാണ്.

## അവിടെ പാപം ഇല്ല :

ആദ്യമായി സ്വർഗ്ഗത്തിൽ പാപം എന്നൊന്നില്ല, അത് നരകത്തിനായി വിട്ടിരിക്കുകയാണ്. അശുദ്ധമായതോ, അറയ്ക്കപ്പെട്ടതോ, ഭോഷ്ക്കോ അവിടെ കാണപ്പെടുകയില്ല. ഏദെൻതോട്ടത്തിൽവെച്ച് ആദാമും, ഹവ്വയും പാപം ചെയ്തതു മുതൽ മനുഷ്യവർഗ്ഗത്തിനു മുഴുവൻ പാപം ഒരു ശാപമായിത്തീർന്നു. ദൈവത്തോടുള്ള ആദ്യത്തെ അനുസരണക്കേടിന്റെ അനന്തരഫലമായിരുന്നു അത് (ഉല്പത്തി 3). പിന്നീട് അത് കൊലപാതകത്തിലേക്കു നയിച്ചു (ഉൽപത്തി 4). അങ്ങനെ പിന്നീടുള്ള സകല മനുഷ്യരിലും തിരിച്ചറിയാവുന്ന പ്രായത്തിൽ ഇതു കണ്ടെത്തുവാൻ തുടങ്ങുന്നു. യേശുക്രിസ്തുവിൽ നമുക്ക് പാപം കണ്ടെത്തുവാൻ കഴിയില്ല. പാപത്തിന് അവനെ കീഴ്പ്പെടുത്തുവാൻ കഴിയാതെവണ്ണം അവൻ പാപരഹിതനായി ജീവിച്ചു. സകല ദുർന്നടപ്പിനാലും, ഉപായത്താലും പാപം ലോകത്തെ ശാപത്തിൽ ആക്കിത്തീർത്തു. ലോകത്തിൽ ഇന്നു കാണുന്ന യുദ്ധം, കുററങ്ങൾ, ഗർഭഛിദ്രം, കുട്ടികളെ ദുർവ്വിനിയോഗം ചെയ്യൽ, അശ്ലീല സാഹിത്യം ഭാര്യാമർദ്ദനം, നികുതി കൊടുക്കാതിരിക്കൽ, മതപരമായ തെററുകൾ എന്നിവയെല്ലാം പാപം നിമിത്തമുണ്ടാകുന്നതാണ്. പാപമെന്നത് കർക്കശമായി വേലയ്ക്കു നിയോഗിക്കുന്ന ഭയങ്കരനാണ് (1 യോഹ

ന്നാൻ: 8:44; റോമർ: 6: 6–8). ലോകത്തെ മുഴുവൻ പാപം അടിമയാക്കുകയും ചെയ്യും. യോഹന്നാൻ പറഞ്ഞിരിക്കുന്നത്, സർവ്വ ലോകവും ദുഷ്ടന്റെ അധീനതയിൽ കിടക്കുന്നു എന്നത്രെ (1 യോഹന്നാൻ 5;19). സ്വർഗ്ഗത്തിൽ അങ്ങനെയുള്ള പാപം എന്നൊന്നില്ലാത്തതിനാൽ നമുക്കു ദൈവത്തെ സ്തുതിക്കാം.

## രോഗമില്ല :

രണ്ടാമതായി സ്വർഗ്ഗത്തിൽ യാതൊരു രോഗവുമില്ല. ആദാമും ഹവ്വയും പാപംചെയ്തപ്പോൾ ദൈവം അവരെ തോട്ടത്തിൽനിന്ന് പുറത്താക്കിയല്ലൊ. തൻമൂലം അവർക്ക് ശരീരത്തിലെ വിയർപ്പു ചിന്തി ആഹാരം കഴിക്കേണ്ടിവന്നു. തുടർന്ന് അവരുടെ ശരീരങ്ങൾ അധഃപ്പതിച്ച് പ്രാദേശികരോഗങ്ങൾക്ക് ഇരയായിത്തീർന്നു. ക്രമേണ മനുഷ്യരിൽ മുടന്ത്, അംഗഭംഗം, വൈകല്യം, അന്ധത തുടങ്ങിയ രോഗങ്ങൾ സമൂഹത്തിൽ കാണപ്പെടാൻ തുടങ്ങി. ഒന്നിനു പുറകെ മറെറാന്നായി സാംക്രമികരോഗങ്ങൾ വ്യാപകമായിത്തീർന്നതിനാൽ മുന്നറിയിപ്പുകൂടാതെ അനേകം ജീവൻ ഒടുങ്ങി. ചില മരണങ്ങൾ ഭയാനകവും ഭയങ്കരമായ വേദനാജനകവുമാണ് ഈ ലോകത്തിലുള്ള രോഗബാധിത അണുക്കളോടും പകർച്ചവ്യാധികളോടും മനുഷ്യന് പോരാടേണ്ടിവന്നു. എന്നാൽ അവസാനം ഒരു രോഗമല്ലെങ്കിൽ മറെറാന്നുണ്ടായി നാം മരിക്കുകയും ചെയ്യുന്നു. പക്ഷേ സന്തോഷിക്കുവാൻ വക നൽകുന്ന കാര്യമെന്തെന്നാൽ ഈ രോഗങ്ങൾക്കൊന്നും സ്വർഗ്ഗത്തിൽ പ്രവേശനം ഇല്ലെന്നുള്ളതാണ്.

## ദുഃഖമില്ല :

മൂന്നാമതായി സ്വർഗ്ഗത്തിൽ നമുക്ക് ദഃഖമനുഭവപ്പെടുകയില്ല എന്നതു പ്രസ്താവ്യമത്രെ. പാപവും രോഗവും മനുഷ്യരിൽ പൊതുവേ കാണപ്പെടുന്നതുപോലെ കാണാവുന്ന മറെറാന്നാണ് ദുഃഖം. സന്തോഷമെന്നത് മനുഷ്യജീവിതത്തിൽ വല്ലപ്പോഴും ഉണ്ടാകുന്ന ഒരു പ്രതിഭാസമാണ്. പൊടിനിറഞ്ഞ മൺപാതയിൽ ഒരു മഴചാറുന്ന പ്രതീതിപോലെമാത്രം സന്തോഷം ലഭിക്കുന്നു. പക്ഷെ, ദുഃഖമെന്നത് നൂറുകണക്കിന് ബാധകളെപ്പോലെ നമ്മെ പിൻതുടരുന്നു. അനുകൂലമായ ഫലം കിട്ടുമെന്ന പ്രതീക്ഷയോടെ ചെയ്യുന്ന പ്രവൃത്തിക്ക് വിപരീത ഫലമേ നൽകുവാൻ കഴിഞ്ഞുള്ളു എന്നുവരുമ്പോൾ ദുഃഖം നമ്മെ തേടിവരുന്നു. നാം ഈ ലോകത്തിൽ വളരെ കരയുന്നുണ്ട്. ലോകത്തു നടക്കുന്ന സംഭവവികാസങ്ങൾ, വ്യക്തിപരമായ പ്രശ്നങ്ങൾ, മാനസികമായ ഉൽക്കണ്ഠ എന്നിവ വ്യത്യസ്തരീതിയിൽ നമ്മെ ദുഃഖാർത്തരാക്കി മാററുന്നു. പലപ്പോഴും നീക്കുപോക്കു ലഭിക്കാ

ന്തേ നാം വേദനിക്കുവാൻമാത്രം ഇടനൽകുന്നു. ദുഃഖവും കണ്ണുനീരും ക്ലേശവും ഭൗതികജീവിതത്തിൽ മാത്രമാണുള്ളത്. സ്വർഗ്ഗീയവാസത്തിൽ ഈ ദുഃഖത്തിനു സ്ഥാനമില്ലാത്തതിനാൽ ദൈവത്തിനു സ്തോത്രം.

## വേർപാട് ഇല്ല :

അവസാനമായി വീണ്ടുമൊരു വേർപാട് ഒരിക്കലും നമ്മെ അലട്ടുകയില്ല. മരണശേഷം അവസാനിക്കുന്ന വേർപാട്, നിത്യജീവനെയും ന്യായവിധിയെയും വേർതിരിക്കുന്ന അവസരമാണ്. അതിനു ശേഷം സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നു. മറ്റൊരു വേർപാട് പിന്നെയൊരിക്കലും നമ്മെ നേരിടുകയില്ല. ലൗകികജീവിതത്തിൽ നമ്മെ നിരാശപ്പെടുത്തുന്ന കാര്യങ്ങളിൽ ഒന്നാണ് നമുക്കു നേരിടുന്ന നിരന്തരമായ വേർപാട്. ചിലതു താൽക്കാലികവും മറ്റു ചിലത് നിത്യവുമാണ്. ജോലി, കുടുംബങ്ങൾ, യുദ്ധങ്ങൾ, മരണം തുടങ്ങിയവയാണല്ലോ മനുഷ്യജീവിതത്തിൽ വേർതിരിക്കുന്ന സംഭവങ്ങൾ, അതു താങ്ങാനാവാത്ത ഭാരമായി ചിലർക്ക് അനുഭവപ്പെടുന്നു. എന്നാൽ, ഒരിക്കൽ സ്വർഗ്ഗത്തിൽ പ്രവേശിച്ചുകഴിഞ്ഞാൽ പിന്നെ വേർപാടിന്റെ ചൂട് നമുക്ക് അനുഭവപ്പെടുകയില്ല എന്നതു എത്ര ആശ്വാസകരമാണ്, ന്യായവിധിനാളിൽ സ്നേഹിതൻമാരിൽനിന്നും, കുടുംബങ്ങളിൽനിന്നും വേർപെട്ട് എത്രമാത്രം തികവുള്ളതും പരിപൂർണ്ണവുമായ സന്തോഷമാണ് നമുക്കു ലഭിക്കുന്നതെന്ന് അറിയുവാൻ നമുക്ക് സാദ്ധ്യമല്ല. എന്നാൽ ദൈവം എല്ലാം ശരിയായിത്തന്നെ അതിനെ ഒരുക്കി തീർക്കും എന്നതിനു സംശയമേ വേണ്ട. സ്വർഗ്ഗത്തിൽ നിത്യമായി വേർപാട് നമ്മെ അലട്ടുകയില്ല എന്നു ദൈവം വാഗ്ദാനം ചെയ്തിരിക്കുന്നു.

ദൈവത്താൽ ഉപദേശിക്കപ്പെട്ട വ്യത്യസ്ഥരായ ഒരുകൂട്ടം ആളുകൾക്കായി വേർതിരിച്ചുവെച്ചിരിക്കുന്ന ഒരു സ്ഥലമാണ് സ്വർഗ്ഗം. യേശുക്രിസ്തു ഈ ലോകത്തിൽ ജീവിച്ചിരുന്നപ്പോൾതന്നെ വാഗ്ദാനം ചെയ്തിട്ടുള്ളതാണ് അത് (യോഹന്നാൻ 14: 1–3). അതിനു മുൻപായി ചെമ്മരിയാടുകളേയും കോലാടുകളേയും തമ്മിൽ വേർതിരിക്കുന്നതുപോലെ ഒരു വേർതിരിക്കൽ ഉണ്ടാകുമെന്നും പറഞ്ഞിട്ടുണ്ട് (മത്തായി 25:31–46). നമ്മുടെ ഓരോരുത്തരുടേയും ജോലി സുവിശേഷം, പൂർണ്ണമായി അനുസരിച്ച് അവന്റെ വരവിനായി കാത്തിരിക്കുക എന്നതാണ് (യോഹന്നാൻ 8:24, ലൂക്കോസ് 13:3–5; യോഹന്നാൻ 3: 3–5). അവനെ വിശ്വസ്ഥമായി സേവിച്ച് ആരാധിച്ച്, അവന്റെ നിർദ്ദേശപ്രകാരം മരണംവരെ ജീവിക്കുക. അക്ഷയനായ ദൈവം നമുക്ക് എല്ലാവിധത്തിലുമുള്ള സന്തോഷവും ആനന്ദവും നിത്യമായി അനുഭവിക്കുവാൻ നൽകും. അതു നമ്മിൽനിന്നും എടുത്തുക

ളവാൻ ഒരു ശക്തിക്കും സാദ്ധ്യമല്ല. സ്വർഗ്ഗത്തിൽ മുൻപറഞ്ഞ നാലു കാര്യങ്ങൾ ഉണ്ടാകയില്ല എന്നതു സ്പഷ്ടമായ ദൈവോദ്ദേശമാണ്, അതായത്, അവിടെ പാപമില്ല, രോഗമില്ല, ദുഃഖമില്ല, വേർപാടില്ല.

ഇപ്രകാരമുള്ള സ്വർഗ്ഗത്തിൽ പ്രവേശിക്കുവാൻ നിങ്ങൾക്കു താല്പര്യമില്ലേ? ഉണ്ടെങ്കിൽ ദയവുചെയ്ത് അതിനായി ദൈവം പറഞ്ഞിരിക്കുന്ന രക്ഷാപദ്ധതി സ്വീകരിക്കുക. വെറുതെ ദൈവത്തിനേയും കർത്താവിനേയും വിളിക്കുന്നവരായിമാത്രം കാണാതെ അവന്റെ ഇഷ്ടം ചെയ്യുവാൻ ധൈര്യം ആർജ്ജിക്കണം. അതിനുവേണ്ടി എന്തുവില കൊടുക്കേണ്ടിവന്നാലും അതൊരു നഷ്ടമേ ആകുകയില്ല. വരുവാനുള്ള ഭാഗ്യകരമായ അവസ്ഥയെ സ്വായത്തമാക്കുവാൻ അതുകൂടിയേ തീരൂ. നിങ്ങൾ ചിന്തിച്ച് അവസരമുള്ളപ്പോൾതന്നെ പ്രവർത്തിക്കുക. പ്രതിഫലം അത്യുന്നതം.

# രക്ഷ സത്യ സഭയിൽ മാത്രം

**മാർക്ക് ഹൂപ്പർ**

ബൈബിളിലെ സഭ ഇന്നു നാം നമ്മുടെ പട്ടണങ്ങളിലും ഗ്രാമങ്ങളിലും കാണുന്ന സഭകളിൽനിന്നും വ്യത്യസ്തമാണ്. നമ്മുടെ ഇടയിൽ ധാരാളം ആളുകൾ ഇന്നും ബൈബിൾസഭയുടെ അർത്ഥവും അതിന്റെ സ്വഭാവങ്ങളും യഥാർത്ഥമായി അറിയുന്നില്ല. നാം ആധുനികവും പാരമ്പര്യവുമായ സംഘടനകളെ സഭകളായി സ്വീകരിക്കുന്നു. എന്നാൽ അവ യഥാർത്ഥത്തിൽ ബൈബിളിലെ സഭയല്ല, അവക്ക് ഒരിക്കലും ഈ സഭയുമായി യാതൊരു സാദൃശ്യവും ഉണ്ടാവുകയില്ല.

സഭയ്ക്കുവേണ്ടിയുള്ള എക്ളേസിയ എന്ന ഗ്രീക്കുപദത്തിന്റെ നിർവ്വചനം സത്യസഭയെന്ന് അർത്ഥമാക്കുന്നത് പാപത്തിൽനിന്നും വിളിക്കപ്പെട്ട ഒരുകൂട്ടം ആളുകൾ എന്നാണ്. സഭയ്ക്കുവേണ്ടിയുള്ള കലേസിയ എന്ന ഹിന്ദി പദം ഇതിനോടു വളരെ സാദൃശ്യമുണ്ട്. പാപത്തിൽനിന്നും നമ്മെ വിളിക്കപ്പെട്ട സഭ ഒന്നു മാത്രമേയുള്ളു (എഫേ: 4:4). പാപകരമായ ജീവിതത്തിൽനിന്നു പുറത്തേക്കുവരുവാനുള്ള ക്ഷണം ദൈവത്തിൽനിന്ന് വരുന്നതാകുന്നു. (2 പത്രോ: 3:9). യേശു കുരിശിലൂടെ എല്ലാ മനുഷ്യരേയും തന്റെ അടുക്കലേക്കു വിളിക്കുന്നു (യോഹ: 12:32).

സഭ ഉൾക്കൊള്ളുന്നത് പാപത്തിൽനിന്നു മോചിപ്പിക്കപ്പെട്ടവരേയോ, പാപത്തിൽനിന്നു രക്ഷിക്കപ്പെട്ടവരേയോ ആണ്. ഒന്നാം നൂറ്റാണ്ടിലും ഇന്നും ദൈവം ക്ഷമിക്കപ്പെട്ടവരേയും, രക്ഷിക്കപ്പെട്ടവരേയും സഭയോടു ചേർത്തുകൊണ്ടിരിക്കുന്നു (അപ്പ: പ്ര: 2:47). അതുകൊണ്ട് ഒരാൾക്ക് സഭയോടു ചേരുവാൻ കഴിയുകയില്ല. അവൻ ദൈവരക്ഷയുടെ മാർഗ്ഗങ്ങളെ പൂർണ്ണമായി അനുസരിക്കുമ്പോൾ ദൈവം അവനെ സഭയോടു ചേർക്കുന്നു. പിതാവിന്റെ ഇഷ്ടം അനുസരിക്കുന്നവൻ സ്വർഗ്ഗരാജ്യത്തിന്റെ ഭാഗമായിരിക്കുമെന്നു പറഞ്ഞുകൊണ്ട് കർത്താവേ, കർത്താവേ എന്നുമാത്രം വിളിക്കുന്നതു പോരെന്നാണ് ക്രിസ്തു പറയുന്നത് (മത്താ: 7:21).

ഇൻഡ്യയിൽ ധാരാളം ആളുകൾ യേശുവിനെ ഒരു നല്ല മനുഷ്യനായും, പ്രവാചകനായും, ദൈവത്തിന്റെ പ്രതിപുരുഷനായിപ്പോലും ഇന്നും സ്വീകരിക്കുന്നു. എന്നിരുന്നാലും ഒരാൾ ഏതു പശ്ചാത്തലത്തിൽനിന്നു വരുന്നതായാലും യേശുവിനെ സ്വീകരിക്കുവാൻ ഇതു പോരാ. രക്ഷപ്പെടുന്നതിനും, വിശ്വാസികളുടെ സത്യശരീരത്തിലേക്കു കൂട്ടിച്ചേർക്കപ്പെടുന്നതിനും നാം ദൈവേഷ്ടം അനുസരിക്കണം. അതു നമ്മെ എന്നന്നേക്കുമായി ദൈവത്തിനോടു യോജിപ്പിക്കും. അതാണു ഭൂമിയിൽ ക്രിസ്തുവുമായി ബന്ധപ്പെട്ട സഭ. അതുകൊണ്ടു കർത്താവേ, കർത്താവേ എന്നുമാത്രം വിളിക്കുന്നതു മതിയാവുകയില്ല. അവൻ പഠിപ്പിച്ചതു നാം കൃത്യമായി അനുസരിക്കണം. എന്നാൽ മാത്രമേ അവൻ പണിത ഏകസഭയുടെ അംഗമാകുകയുള്ളു (മത്താ: 16:18).

ബൈബിളിൽ സഭയെ കത്തോലിക്ക, പ്രൊട്ടസ്റ്റന്റ്, ക്രൈസ്തവ വിഭാഗങ്ങൾ, രാഷ്ട്രീയ സാംസ്കാരിക സംഘടനകൾ, ക്ലബ്ബുകൾ എന്നിങ്ങനെയായി വിവരിക്കുന്നില്ല. മനുഷ്യനിർമ്മിതമായ സംഘടനകളോ പാരമ്പര്യ ചട്ടങ്ങളോ അല്ലിത്. എന്നാൽ പുതിയ നിയമത്തിൽ തന്നിരിക്കുന്ന വിശുദ്ധ ചട്ടക്കൂടാണിത്. ബൈബിൾസഭയിലെ ക്രിസ്ത്യാനികൾ ദൈവത്തിൽ ഐക്യപ്പെട്ട ഒരു കുടുംബമാകുന്നു. ഏതെങ്കിലും വഴിയെ തിരിയാതെ ബൈബിളിലുള്ള ക്രിസ്തുവിന്റെയും അവന്റെ അപ്പോസ്തലന്മാരുടെയും അതേ സിദ്ധാന്തങ്ങൾ പഠിച്ച് അനുസരിച്ചു ജീവിക്കുന്നവരാണ് അവർ. ഇന്നു നാം അപ്രകാരമാണോ? നാം ക്രിസ്തുവിനോടുമാത്രം ബന്ധമുള്ള സഭയിലെ, ബൈബിളിലെ, സത്യസഭയിലെ അംഗമാണോ? അതോ നാം പേരിൽ വെറും ക്രിസ്ത്യാനികൾ മാത്രമാണോ?

### നിങ്ങൾ സത്യസഭയിലെ അംഗമാണോ?

ഒരു സത്യസഭ മാത്രമേയുള്ളുവെന്നു ബൈബിൾപഠനത്തിലൂടെ നമുക്കു മനസിലാക്കുവാൻ കഴിയും (മത്താ: 16:18, എഫേ: 4:4).

സഭയെന്ന് അവകാശപ്പെടുന്ന ഗ്രൂപ്പുകളെ നാം പരിശോധനാവിധേയമാക്കണം. ബൈബിൾ അനുകരിക്കുന്നുവെന്ന് അവകാശപ്പെടുന്ന അത്തരം സഭകളെ ബൈബിളിലെ സത്യസഭയുമായി താരതമ്മ്യം നടത്തണം. എന്നിട്ട് എന്തുകൊണ്ടു ധാരാളം വ്യത്യാസങ്ങൾ കാണുന്നുവെന്നു ചിന്തിക്കണം.

നാം സത്യസഭയുടെ അംഗങ്ങളാകുന്നുവെങ്കിൽ എല്ലാ കാര്യങ്ങളും ബൈബിൾ വഴികളിലൂടെ ചെയ്യും. ബൈബിൾ ആജ്ഞാപിക്കുന്നതിനോടു കൂട്ടുകയോ, കുറയ്ക്കുകയോ ചെയ്യുകയില്ല. ആരാധന, സംഘടന, പേര്, രക്ഷയുടെ ദൈവപദ്ധതി തുടങ്ങിയ സഭയുടെ എല്ലാ ആകൃതിയോടും ഇതു ബന്ധപ്പെട്ടിരിക്കുന്നു. ക്രിസ്തുവിന്റെ രക്തത്താൽ പാപങ്ങളിൽനിന്നു രക്ഷിക്കപ്പെട്ട ആളുകളാൽ സഭ നിർമ്മിക്കപ്പെട്ടിരിക്കുന്നു (വെളി: 1 : 5). രക്ഷിക്കുന്നതിന് ക്രിസ്തുവിന്റെ രക്തം ലഭിക്കുന്നതിനുവേണ്ടി നാം ദൈവത്തിന്റെ പദ്ധതികളെ അനുസരിക്കണം. നമുക്കു സത്യസഭയോടു ചേരുവാൻ കഴിയുകയില്ല. എന്നാൽ നാം അവന്റെ രക്ഷാ പദ്ധതികളെ അനുസരിക്കുമ്പോൾ ദൈവം നമ്മെ അതിന്റെ അംഗത്വത്തിലേക്ക് കൂട്ടിച്ചേർക്കപ്പെടും (അ: പ്ര: 2:47). മനുഷ്യനിർമ്മിതമായ പഠനങ്ങൾ അല്ലെങ്കിൽ ബൈബിളിൽ പറഞ്ഞിട്ടില്ലാത്ത സൗകര്യപ്രദമായ പദ്ധതികൾ നിങ്ങൾ ഉണ്ടാക്കി അനുകരിച്ചശേഷം നിങ്ങളുടെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നുവെന്നു ചിന്തിച്ചാൽ നിങ്ങൾ സത്യസഭയുടെ അംഗങ്ങളല്ല; നിങ്ങളുടെ പാപങ്ങൾ ക്ഷമിക്കപ്പെടുകയുമില്ല.

സത്യക്രിസ്ത്യാനികളായ പ്രവർത്തിയുടെ പുസ്തകത്തിലുള്ള ഓരോരുത്തരും ആദ്യമായി യേശു ദൈവപുത്രനാണെന്നും, ലോകരക്ഷകനാണെന്നും വിശ്വസിക്കണം. രണ്ടാമതായി അവരുടെ പാപങ്ങളെക്കുറിച്ച്പശ്ചാത്തപിക്കണം. പാപങ്ങളെക്കുറിച്ച് ഖേദിക്കുക എന്നല്ല ഇതുകൊണ്ട് അർത്ഥമാക്കുന്നത്. പാപജീവിതത്തിൽനിന്നും ദൈവത്തെ അനുകരിക്കുന്ന ജീവിതത്തിലേക്കും നമ്മുടെജീവിതം അവന്റെ വഴിയിലേക്കു മാററുന്നതും കൂടിയാകുന്നു. മൂന്നാമത് അ: പ്ര8: 37 ൽ എത്യോപ്യൻ ചെയ്തതുപോലെ മനുഷ്യരുടെ മുമ്പിൽ ക്രിസ്തുവിനെ ഏററുപറയണം. സാക്ഷികളുടെമുമ്പിൽ നമ്മുടെ ജീവിതകർത്താവായ യേശുക്രിസ്തുവിനെ ഒരാളുടെ വിശ്വാസത്താൽ ഏററുപറയുന്നതാകുന്നു ഇത് (മത്താ: 10:32, റോമർ 10;9). നാലാമത് അയാളെ വെള്ളത്തിൽ മുക്കപ്പെടുന്നു; ഇതാകുന്നു ബൈബിളിലെ സ്നാനം. പൗലോസ് ഇതിനെ അടക്കമായി വിശദീകരിക്കുന്നു (റോമ:6:3–4). ക്രിസ്തുവിന്റെ ശുദ്ധീകരിക്കുന്ന രക്തത്തോട് ആദ്ധ്യാത്മികമായി ചേർക്കപ്പെട്ട ഒരു വഴിയാകുന്നു സ്നാനം. സ്നാനത്തിന് ശാരീരികമായ പ്രവർത്തി ആവശ്യമാണ്. സ്നാനം നമ്മെ രക്ഷിക്കുന്നുവെന്നു പത്രോസ് പറയുന്നു (1 പത്രോ: 3;21). ഇതു നമ്മെ ക്രിസ്തുവിനോടും അവന്റെ മരണത്തോടും നമ്മെ ഐക്യപ്പെ

ടുത്തുന്നു. ഇതാകുന്നു ദൈവപദ്ധതി. നമുക്കു് ഇതു മാററാനോ ഉപേക്ഷിക്കാനോ കഴിയുകയില്ല. അത്രത്തോളം പ്രാധാന്യം ഉള്ളതല്ലായെന്നോ ആവശ്യമില്ലാത്തതെന്നോ പറഞ്ഞ് തള്ളിക്കളയാനും സാദ്ധ്യമല്ല. പൗലോസ് ദമാസ്കസിലുള്ള റോഡിൽവച്ച് യേശുവിനെ സ്വീകരിച്ചു. എന്നാൽ രക്ഷയിലേക്കുള്ള എല്ലാ പടികളും അവൻ കടന്നിരുന്നില്ല. അവൻ പൂർണ്ണമായി ദൈവത്തെ അനുസരിക്കുന്നതുവരെ അവന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരുന്നില്ല (അ:പ്ര:22:6-16). സ്നാനത്തെയും കർത്താവിന്റെ രക്തത്തെയുംകുറിച്ച് കൂടുതൽ വിശദമായി നമുക്കു പരിശോധിക്കാം.

## ക്രിസ്തുവിന്റെ രക്തം

പാപത്തിൽനിന്നും നമ്മെ രക്ഷിക്കുന്നത് എന്താണെന്നു ബൈബിൾ വളരെ വ്യക്തമാക്കുന്നു, കാൽവറിയിലെ കുരിശിൽ ചൊരിയപ്പെട്ട ക്രിസ്തുവിന്റെ രക്തം. (റോമ: 5:9, 1 യോഹ: 1:7, വെളി: 1:5) യേശു കുരിശിൽ ദൈവത്തിൽനിന്നു വേർപെടുത്തപ്പെട്ടപ്പോൾ (മത്താ: 27:46) അവൻ നമ്മുടെ പാപങ്ങൾക്കുവേണ്ടിയുള്ള വില നൽകി (റോമ: 6:23), അതുകൊണ്ടു നരകം ദൈവത്തിൽനിന്നും നമ്മെ വേർപെടുത്തപ്പെടുകയില്ല. ചിന്തപ്പെട്ട അവന്റെ രക്തം അവന്റെ മരണത്തെയും നമുക്കുവേണ്ടി അവൻ ചെയ്ത ത്യാഗത്തെയും പ്രതിനിധീകരിക്കുന്നു. എന്നാൽ പാപമോചനം ആരിലും യാദൃശ്ചികമായി വരുന്നില്ല. നാം അവന്റെ വാക്കുകളെ അനുസരിക്കണം, അപ്രകാരം ഈ ത്യാഗം നാം സ്വീകരിക്കണം. ഇതു സ്വീകരിക്കുന്നതിന് ദൈവം നമ്മോടു കൽപിച്ച വഴിയല്ലാതെ, നാം ആവശ്യപ്പെടുന്ന വഴിയോ, പഠനങ്ങളാലുള്ള വഴിയോ, മനുഷ്യ പാരമ്പര്യത്താൽ ഉള്ള വഴിയോ സ്വീകാര്യമല്ല.

എന്റെ ജീവിതത്തിൽ പാപമോചനം നൽകുന്ന യേശുക്രിസ്തുവിന്റെ രക്തം ഞാൻ എങ്ങനെ സ്വീകരിക്കുന്നുവെന്ന ചോദ്യത്തിലേക്ക് ഇതു നമ്മെ നയിച്ചേക്കാം. റോമ: 6:1–5 വരെയുള്ള വാക്യങ്ങളിൽ ബൈബിൾ വീണ്ടും ഈ ചോദ്യത്തിന് ലളിതവും വ്യക്തവുമായ ഉത്തരം നൽകുന്നു. ഒന്നാമത്തെ വാക്യങ്ങളിൽനിന്നും മനസിലാകുന്നത് പാപജീവിതത്തിൽനിന്ന് നാം സ്വയം പിൻമാറണമെന്നാണ്. രണ്ടാമത്തെ വാക്യം പറയുന്നത് പാപത്തോടു നാം മരിക്കണമെന്നാണ്. പശ്ചാത്താപം എന്താണെന്ന് ഇതു വെളിപ്പെടുത്തുന്നു. ദൈവത്തെ അനുസരിക്കുന്നതിനായി പാപത്തിൽനിന്ന് നാം നമ്മുടെ വഴികളെ മാററണം. മൂന്നാമത്തെ വാക്യം പറയുന്നത്, നാം ക്രിസ്തുവിലേക്കും അവന്റെ മരണത്തിലേക്കും സ്നാനപ്പെടണമെന്നാണ്. അവന്റെ രക്തം ചിന്തപ്പെട്ടത് അവന്റെ മരണത്തിൽ ആകുന്നു. അതുകൊണ്ട് നാം അത് സ്നാനത്തിൽ കാണുന്നു. നമ്മെ രക്ഷപ്പെടുത്തുന്ന ശ

ക്തിയായ അവന്റെ രക്തവുമായി നാം ബന്ധപ്പെടുന്നു. നാലാം വാക്യം പറയുന്നത് സ്നാനത്തിലൂടെ അവന്റെ മരണത്തിലേക്ക് ക്രിസ്തുവിനോടുകൂടി നാം അടക്കം ചെയ്യപ്പെടുന്നു. അതുകൊണ്ടു സ്നാനം വെള്ളത്തിൽ നമ്മെ പ്രതീകാത്മകമായി അടക്കംചെയ്യുന്നതാകുന്നു. ബാപ്ററിസോ എന്ന യഥാർത്ഥ ഗ്രീക്കുവാക്ക് അർത്ഥമാക്കുന്നത് മുക്കുക അല്ലെങ്കിൽ കുതിർക്കുക എന്നാണ്. അതുകൊണ്ട് യേശു അടക്കം ചെയ്യപ്പെട്ടതുപോലെ വെള്ളത്തിൽ അടക്കം ചെയ്യപ്പെടുന്നതുമൂലം നാം അവനോട് ഐക്യപ്പെടുന്നു. നാലാം വാക്യത്തിൽ പറയുന്നു, യേശു മരണത്തിൽനിന്നും ഉയർത്തതുപോലെ ഒരു പുതുജീവിതം നയിക്കുന്നതിന് നാം സ്നാനത്തിൽനിന്ന് എഴുന്നേൽക്കുന്നു. അതുകൊണ്ട് സ്നാനം പൂർണ്ണമായി നമ്മെ അവന്റെ രക്തത്തോടുകൂടി അവന്റെ മരണത്തോടും അടക്കത്തോടും ഉയർത്തെഴുന്നേൽപിനോടുംകൂടി ഐക്യപ്പെടുത്തുന്നു.

റോമർ ആറാം അദ്ധ്യായത്തിൽ പൗലോസ് നമ്മെ പഠിപ്പിച്ച അതേ കാര്യങ്ങൾ ബൈബിളിലെ മററു വാക്യങ്ങളും പഠിപ്പിക്കുന്നു. അ: പ്ര: 2:38–ൽ പത്രോസ് പറയുന്നു, പാപങ്ങളുടെ മോചനത്തിനുവേണ്ടിയുള്ളതാണു സ്നാനം. അ: പ്ര: 22:16 ൽ അനന്യാസ് പറയുന്നു, പാപങ്ങളെ കഴുകിക്കളയുന്നതിനുവേണ്ടി സ്നാനപ്പെടുവിൻ. 1 പത്രോ: 3:21 ൽ സ്നാനം നമ്മെ രക്ഷിക്കുന്നുവെന്നു പത്രോസ് പറയുന്നു. ഇവിടെ നമ്മെ രക്ഷിക്കുന്നതു വെള്ളമാണോ? അല്ല. ക്രിസ്തുവിന്റെ രക്തം സ്നാനത്തിൽമാത്രം സംഭവിക്കാവുന്ന പ്രതീകാത്മകമായ ചേർച്ചയിലൂടെ നമ്മെ രക്ഷിക്കുന്നു. പാപമോചനം ക്രിസ്തുവിന്റെ രക്തത്തിലല്ലാതെ പ്രാർത്ഥനകൊണ്ടോ വിശ്വാസംകൊണ്ടോ മാത്രം ഉണ്ടാകുന്നുവെന്ന് ബൈബിളിൽ ഒരിടത്തും പ്രസ്താവിച്ചിട്ടില്ല. അതിനാൽ ദൈവത്തിന്റെ പദ്ധതികളെ അനുസരിക്കേണ്ടത് ആവശ്യമാകുന്നു.

നാം ദൈവപദ്ധതികളെ അനുകരിക്കുമ്പോൾ നമ്മുടെ പാപങ്ങൾ മോചിക്കപ്പെടുന്നു. ബൈബിളിനെ അനുകരിക്കുന്ന ഒരുകൂട്ടം ആളുകൾ ഉണ്ട്. ഇന്ത്യയിലെ ധാരാളം ഗ്രാമങ്ങളിലും പട്ടണങ്ങളിലും ഉള്ളതുപോലെ സത്യസഭയുടെ അംഗങ്ങളായി ഒരു കേന്ദ്രം തിരുവനന്തപുരത്തും ഉണ്ട്. എല്ലാ ഞായറാഴ്ചയും രാവിലെ 10 മണിക്കു ആരാധനയ്ക്കായി തിരുവനന്തപുരത്തെ സംസ്കൃതകോളേജിനു പിൻവശത്തുള്ള സണ്ണി മീഡ്സ് ലെയിനിലെ ക്രിസ്തുസഭയിൽ ഞങ്ങൾ ഒരുമിച്ചുകൂടുന്നു. താൽപര്യമുണ്ടെങ്കിൽ ദയവായി ഞങ്ങളോടൊപ്പം പങ്കെടുക്കുക. സംശയനിവാരണത്തിനും കൂടുതൽ വിവരങ്ങൾക്കുമായി മേൽപ്പറഞ്ഞ വിലാസത്തിൽ എഴുതുക. അവന്റെ ജനത്തിനു വേണ്ടി ദൈവമാതൃകമാത്രം അനുകരിക്കുന്നതിനായിവന്ന യേശു നിർമിച്ച സത്യസഭ വീണ്ടെടുക്കുന്നതിനായി ഞങ്ങളോടൊപ്പംചേരുക. O

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH** — *The Voice of Truth* — Speakers : Reggie Gnanasundaram and J. C. Choate.

All correspondence should be sent to The Voice of Truth. Post Box 3815, New Delhi 110049.

Mondays—9 : 00 to 9 : 15 P.M.
Fridays— 7 : 45 to 8 : 00 P.M.

**HINDI**—*Satya Susamachar*—Speaker : Sunny David.

All correspondence Should be sent to Satya- Susamachar, post Box 3815, New Delhi 110049.

Tuesdays—9 : 00 to 9 : 15 P.M.
Thursdays—9: 00 to 9 : 15 P.M.
Fridays — 9 : 00 to 9 : 15 P. M.
Sundays— 12 : 45 to 1 : 00 P. M.

**TELUGU**—*The Voice of Truth*—Speaker : Joshua Gootam

All correspondence should be sent to The Voice of Truth. Post Box 80, Kakinada 533001.

Sundays—2 : 30 to 2 : 45 P. M.
Tuesdays—2 : 30 to 2 : 45 P.M.
Thursdays—2 : 30 to 2 : 45 P.M.
Fridays — 2 : 30 to 2 : 45 P.M.
Saturdays—2 : 30 to 2 : 45 P.M.

**TAMIL**—*"The Way of Truth"*— Speaker : P. R. Swamy.

All correspondence should be sent to The Way of Truth. Post Box 8405, Bangalore 560084.

Tuesdays— 5 : 30 to 5 : 45 P. M.
Thursdays—6 : 45 to 7 : 00 P.M.
Sundays—6 : 45 to 7 : 00 P.M.

**MALAYALAM**—The Voice of Truth—Speaker :P. K. Varghese,

All Correspondence should be sent to Church of Christ Quilon—1,Kerala.

Tuesdays—3 : 45 to 4 : 00 P.M.
Fridays — 3 : 45 to 4 : 00 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited, Printed and published by P. K. Varghese Church of Christ Trivandrum. Printed at Santhosh Printers Nandavanam, Tvm.

Regd: No. K. Dis. 90095 / 86/ A8 Regd. No. KL/TV (N)22

☼ You are Cordially Invited ☼
To Attend

Services and Bible Studies

Sunday 10 a. pm.
Tuesday 6.30 p. m.

Meeting place

**CHURCH OF CHRIST BUILDING**
Sunny Meads Lane
Behind Sanskrit College, palayam
Trivandrum-34

All correspondence should be send to the Editor, Bible Truth, Church of Christ. Trivandrum-34, Kerala, South India

From

**THE BIBLE TRUTH**
Church of Christ
Sunny Meads Lane
Trivandrum-34

To